
# ആത്മാവുള്ളതിന്റെ ചിത്രം നിർമിക്കുന്നതിന്റെ വിധി



T.me/uloomussunnah | T.me/darulhadeeskollam

# حكم تصوير ذوات الأرواح

# ആത്മാവുള്ളതിന്റെ ചിത്രം നിർമിക്കുന്നതിന്റെ വിധി

T.me/uloomussunnah

T.me/darulhadeeskollam

www.uloomussunnah.com

# ഉള്ളടക്കം


| | | |
|---|---|---|
| | ആമുഖം. | 6 |
| 1 | ചിത്രം നിർമിക്കുന്നതിനെ നിരോധിച്ചു കൊണ്ടുള്ള പതിനാറ് ഹദീസുകൾ. | 7 |
| 2 | എന്ത് കൊണ്ടാണ് ചിത്രം (തസ്വീർ) ഹറാമാക്കപ്പെട്ടത് ? | 16 |
| 3 | തസ്വീർ  വിഷയം നിസാരമായ ഒന്നല്ലേ !? | 18 |
| 4 | ഫോട്ടോഗ്രഫി വിഷയം പരസ്പരം ഇൻകാർ ചെയ്യാൻ പാടില്ലാത്ത നിലക്കുള്ള ഇജ്തിഹാദിയായ വിഷയത്തിൽ പെട്ടതല്ലേ? | 21 |
| 5 | ശൈഖുമാരുടെ ഫോട്ടോ ഉണ്ടെന്നത്, അവർ ഫോട്ടോ അംഗീകരിക്കുന്നു എന്നതിന്റെ തെളിവല്ലേ? | 23 |
| 6 | ചില ഉലമാക്കൾ അനുവദനീയമായി ഫത്വ കൊടുത്തിട്ടുണ്ടല്ലോ?! | 24 |
| 7 | കൈ കൊണ്ട് വരക്കുന്ന ജീവനുള്ളവയുടെ ചിത്രമല്ലേ ഹറാമാക്കപ്പെട്ടത്? ക്യാമറ കൊണ്ടുള്ളതല്ലല്ലോ? | 28 |
| 8 | എല്ലാ തസ്‌വീറും റസൂൽ ﷺ ഹറാമാക്കിയിരിക്കെ, തസ്‌വീർ അനുവദനീയമാക്കുന്നവന്റെ കയ്യിലുള്ള തെളിവ് എന്താണ് ? | 30 |
| 9 | ഫോട്ടോഗ്രഫിയെ തസ്വീറിൽ നിന്ന് വേർപ്പെടുത്താൻ ശ്രമിക്കുന്ന തെറ്റായ രീതി ഉലമാക്കളിലേക്ക് വരെ പകർന്നത് എവിടെ നിന്നാണ് ? | 32 |

| | | |
|---|---|---|
| 10 | റസൂൽ ﷺ എല്ലാ തരത്തിലുള്ള തസ്വീറും ഹറമാക്കിയിരിക്കെ അതിന് വിരുദ്ധമായ ഫത്വകളിലേക്ക് തിരിഞ്ഞ് നോക്കേണ്ടതില്ല. | 34 |
| 11 | അല്ലാഹു എന്ത് കൊണ്ട് തസ്വീർ ഹറാമാക്കി എന്ന് നോക്കിയാൽ വീഡിയോയാണ് ഫോട്ടോയേക്കാൾ ഗൗരവം കൂടിയത്. | 39 |
| 12 | കൈ കൊണ്ടുള്ള തസ്വീറിനെ ഹറാമും, ഉപകരണം കൊണ്ടുള്ളതിനെ ഹലാലും ആയിക്കാണുന്നവരെ ഉത്തരം മുട്ടിക്കുന്ന ചില വാക്കുകൾ. | 41 |
| 13 | ഫോട്ടോഗ്രഫി യുടെ കാര്യത്തിൽ പരസ്പരം ഇൻകാർ ചെയ്യാൻ പാടുണ്ടോ?, ഉലമാക്കളിൽ നിന്ന് ചില ഉദാഹരണങ്ങളിലൂടെ... | 46 |
| 14 | പ്രധാനപ്പെട്ട ഒരു ഫത്വ. | 48 |
| 15 | ഉലമാക്കളുടെ വാക്കുകൾ ദീനിൽ പ്രമാണമല്ല. | 51 |
| 16 | ഒരു പ്രവചനം. | 53 |

# ആമുഖം

ജനങ്ങളിൽ നിന്ന് വലിയൊരു വിഭാഗം, അവർ അവരുടെ ചിത്രങ്ങൾ മൊബൈൽ ക്യാമറകളിൽ കൂടിയും അല്ലാതെയും മറ്റും നിർമിക്കുകയും, അതിനെ തന്റെ മൊബൈൽ ഫോണുകളിൽ സൂക്ഷിക്കുകയും അവ സോഷ്യൽ മീഡിയകളിൽ പങ്കിടുകയും ചെയ്യുന്നവരാണ്, കഴിഞ്ഞ നൂറ്റാണ്ടിലെ അഹ്ലുസ്സുന്നയുടെ പണ്ഡിതന്മാരായ ശൈഖ് അൽബാനി, ശൈഖ് ഇബ്നു ബാസ്, ശൈഖ് മുഖ്ബിൽ رحمهم الله തുടങ്ങിയവും അവരുടെ അതേ അഖീദയിലും മൻഹജിലും നിലനിൽക്കുന്നവരായ സൗദി അറേബ്യയിൽ ഇപ്പോൾ ജീവിച്ചിരിക്കുന്നവരായ ശൈഖ് ഫൗസാൻ, ശൈഖ് അബ്ദുൽ മുഹ്സിൻ അൽ-അബ്ബാദ് തുടങ്ങിയവരും യമനിലെ ശൈഖ് യഹ്‌യ ഇബ്നു അലി അൽ ഹജൂരി, ശൈഖ് അബൂ ബിലാൽ അൽ-ഹള്റമി حفظهم الله തുടങ്ങിയ അഹ്ലുസ്സുന്നയുടെ അറിയപ്പെട്ട പണ്ഡിതന്മാർ എല്ലാവരും തന്നെ മൊബൈൽ വഴിയോ മറ്റ് ക്യാമറ വഴിയോ എടുക്കുന്ന ഫോട്ടോ, വീഡിയോകൾ ഇതിൽ ഉൾപ്പെടുന്നവയാണ് എന്ന് പറഞ്ഞവരാണ്.

ജീവൻ ഉള്ളവയുടെ ചിത്രം നിർമിക്കുന്നതിനെ നിരോധിച്ചു കൊണ്ടും, അത് നിർമിക്കുന്നവർക്കുള്ള ശിക്ഷയെ കുറിച്ചും ബന്ധപ്പെട്ടു വന്ന സ്വഹീഹായ ഹദീസുകളും പണ്ഡിതന്മാരുടെ ഫത്വകളും ജനങ്ങൾക്ക് എത്തിക്കുക എന്ന ഉദ്ദേശത്തിലാണ് ഇത് ഈ രൂപത്തിൽ ക്രോഡീകരിച്ചിട്ടുള്ളത്. അല്ലാഹു سبحانه وتعالى വിൽ നിന്നാണ് സഹായം.

# 1

# ചിത്രം നിർമിക്കുന്നതിനെ നിരോധിച്ചു കൊണ്ടുള്ള പതിനാറ് ഹദീസുകൾ.

1.

عن عبدالله بن مسعود قال ، سمعت رسول الله ﷺ يقول ، إن أشدّ الناس عذاباً عند الله يوم القيامة المصورون
[ 2109 رواه البخاري 5950، ومسلم]

അബ്ദുള്ള ഇബ്നു മസ്ഊദ് رضي الله عنه നിന്ന്, റസൂൽ ﷺ പറയുന്നതായിട്ട് ഞാൻ കേട്ടു: "നിശ്ചയമായും കിയാമത്ത് നാളിൽ അല്ലാഹുവിന്റെ അടുത്ത് ഏറ്റവും കഠിനമായ ശിക്ഷ ലഭിക്കുന്ന (ഒരു) വിഭാഗം, ചിത്രം നിർമിക്കുന്നവരാണ് " [ബുഖാരി, മുസ്ലിം]

2.

عن أبي جحيفة رضي الله عنه ، أن النبي ﷺ نهى عن ثمن الدم وثمن الكلب وكسب البغي ولعن آكل الربا وموكله والواشمة والمستوشمة والمصور
[رواه البخاري]

അബൂ ജുഹൈഫ رضي الله عنه നിവേദനം ചെയ്തു, "റസൂൽ ﷺ രക്തം വിറ്റ് ലഭിക്കുന്ന തുക, പട്ടിയെ വിറ്റ് ലഭിക്കുന്ന തുക, വ്യഭിചാരിയുടെ പ്രതിഫലതുക എന്നിവയെ നിരോധിച്ചു, പലിശ നൽകുന്നവനെയും വാങ്ങുന്നവനെയും, പച്ചകുത്തുന്നവനെയും കുത്താൻ

ആവശ്യപെടുന്നവനേയും, ചിത്രം നിർമിക്കുന്നവരെയും ശപിച്ചു " [ബുഖാരി]

3.

قال ﷺ ، يخرج عنق من النار يوم القيامة لها عينان تبصران و أذنان تسمعان و لسان ينطق يقول ، إني وكلت بثلاثة، بكل جبار عنيد و بكل من دعا مع الله إلها آخر و بالمصورين
[السلسلة الصحيحة 2 / 25]

റസൂൽﷺ പറഞ്ഞു : "കിയാമത്ത് നാളിൽ നരകത്തിൽ നിന്ന് കാണാൻ കഴിവുള്ള രണ്ട് കണ്ണുകളും കേൾക്കാൻ കഴിവുള്ള രണ്ട് കാതുകളും സംസാരിക്കുന്ന നാവുമുള്ള ഒരു കഴുത്ത് പുറത്ത് വരും, എന്നിട്ട് അത് പറയും : 'എന്നിൽ ഏൽപിക്കപ്പെട്ടത് മൂന്ന് വിഭാഗത്തനെയാണ് ; ധിക്കാരിയായ സ്വേച്ഛാധിപതിയേയും അല്ലാഹുവിന് പുറമെയുള്ള ഇലാഹിനെ വിളിച്ച് ആരാധിച്ചവരേയും ചിത്രം നിർമാണത്തിൽ ഏർപ്പെട്ടവരേയും.' "
[സിൽസിലത്തു സ്വഹീഹ]

4.

عن ابن عباس رضي الله عنهما أن النبي ﷺ قال ، كل مصور في النار يجعل له بكل صورة صورها نفساً فتعذبه في جهنم
[رواه مسلم]

റസൂൽ ﷺ പറഞ്ഞതായി ഇബ്നു അബ്ബാസ് رضي الله عنه നിവേദനം ചെയ്യുന്നു : "എല്ലാ ചിത്ര നിർമാണക്കാരനും നരകത്തിൽ ആണ്, അവൻ നിർമിച്ച ചിത്രങ്ങൾക്ക്

ജീവൻ നൽകപ്പെടുകയും, അത് അവനെ ശിക്ഷിക്കുകയും ചെയ്യും " [മുസ്ലിം]

5.

عن عائشة رضي الله عنها عن النبي ﷺ قال ، أشد الناس عذاباً يوم القيامة الذين يضاهون بخلق الله
[رواه البخاري ومسلم]

റസൂൽ ﷺ പറഞ്ഞതായി ആയിഷ رضي الله عنها നിവേദനം ചെയ്യുന്നു : "കിയാമത്ത് നാളിൽ ഏറ്റവും കഠിനമായി ശിക്ഷിക്കപ്പെടുന്ന ജന വിഭാഗം അല്ലാഹുവിന്റെ സൃഷ്ടികളോട് സാദൃശ്യപ്പെടുത്തുന്നവരാണ് ". [ബുഖാരി][മുസ്ലിം]

6.

عن أبي هريرة رضي الله عنه قال ، سمعت النبي ﷺ يقول ، قال الله تعالى ، ومن أظلم ممن ذهب يخلق خلقاً كخلقي فليخلقوا ذرة ، أو ليخلقوا حبة ، أو ليخلقوا شعيرة
[رواه البخاري ومسلم]

അബൂ ഹുറൈറ رضي الله عنه പറഞ്ഞു, റസൂൽ ﷺ പറയുന്നതായി ഞാൻ കേട്ടു : " അല്ലാഹു തആലാ പറഞ്ഞു 'എന്റെ സൃഷ്ടികളോട് സാദൃശ്യപ്പെടുത്തിക്കൊണ്ട്  സൃഷ്ടിക്കുവാൻ ശ്രമിക്കുന്നവനേക്കാൾ ധിക്കാരിയായവൻ ആരാണ്, അങ്ങിനെ ആണെങ്കിൽ അവൻ ഒരു ചോളമണി സൃഷ്ടിക്കട്ടെ, അല്ലെങ്കിൽ അവൻ ഒരു ധാന്യമണിയെ സൃഷ്ടിക്കട്ടെ, അല്ലെങ്കിൽ അവൻ ഒരു

ബാർലിമണിയെങ്കിലും സൃഷ്ടിക്കട്ടെ'. "
[ബുഖാരി][മുസ്ലിം]

7.

عن عائشة رضي الله عنها ، قالت دخل علي رسول الله ﷺ ، وقد سترت سهوة لي بقرام فيه تماثيل ، فلما رآه هتكه وتلون وجهه وقال ، يا عائشة أشد الناس عذابا عند الله يوم القيامة، الذين يضاهون بخلق الله ، قالت عائشة:
فقطعناه فجعلنا منه وسادة أو وسادتين
[رواه مسلم 2107]

ആയിഷ رضي الله عنها പറഞ്ഞു : " റസൂൽ ﷺ ഒരിക്കൽ എന്റെ വീട്ടിൽ പ്രവേശിച്ചു, വീട്ടിലെ സഹ്വവ (പത്തായം) രൂപങ്ങൾ ഉള്ള ഒരു മറകൊണ്ട് ഞാൻ മൂടിയിരുന്നു, അത് കണ്ടപ്പോൾ അദ്ദേഹം അത് അതിന്റെ സ്ഥാനത്ത് നിന്ന് വലിച്ച് കീറുകയും അദ്ദേഹത്തിന്റെ മുഖം വിവർണമാകുകയും ചെയ്തു, എന്നിട്ട് പറഞ്ഞു : ' അല്ലയോ ആയിഷ!, കിയാമത്ത് നാളിൽ അല്ലാഹുവിന്റെ അടുത്ത് ഏറ്റവും കഠിനമായ ശിക്ഷ ലഭിക്കുന്ന (ഒരു) ജനവിഭാഗം അല്ലാഹുവിന്റെ സൃഷ്ടികളോട് സാദൃശ്യപ്പെടുത്തുന്നവരാണ് '. ആയിഷ رضي الله عنها പറഞ്ഞു : " ഞങ്ങൾ അതിനെ മുറിച്ചു, അത് കൊണ്ട് ഒന്നോ രണ്ടോ തലയിണ ഉണ്ടാക്കി " [മുസ്ലിം]

8.

عن عبد الله بن عمر، رضي الله عنهما أخبره ، أن رسول الله ﷺ قال ، إن الذين يصنعون هذه الصور يعذبون يوم القيامة ، يقال لهم ، أحيوا ما خلقتم
[رواه لبخاري 5951]

റസൂൽ ﷺ പറഞ്ഞതായി അബ്ദുള്ള ഇബ്നു ഉമർ رضي الله عنه അറിയിച്ചു :
" നിശ്ചയമായും ഈ ചിത്രങ്ങൾ ഉണ്ടാക്കുന്നവർ കിയാമത്ത് നാളിൽ ശിക്ഷിക്കപ്പെടുക തന്നെ ചെയ്യും, അവരോട് പറയപ്പെടും 'നിങ്ങൾ സൃഷ്ടിച്ചതിനെ ജീവിപ്പിക്കുക'. " [ബുഖാരി]

9.

عن أبي طلحة رضي الله عنه قال ، سَمِعْتُ رَسُولَ اللهِ ﷺ يَقُولُ ، لاَ تَدْخُلُ المَلاَئِكَةُ بَيْتاً فِيهِ كَلْبٌ، وَلاَ صُورَةٌ تَمَاثِيلُ
[رواه البخاري 3053 ، ومسلم 2106]

അബൂ ഥ്വൽഹ رضي الله عنه പറഞ്ഞു, റസൂൽ ﷺ പറയുന്നതിയി ഞാൻ കേട്ടു : "നിശ്ചയമായും മലക്കുകൾ നായകൾ ഉള്ള വീടുകളിലും, രൂപങ്ങൾ ഉള്ള വീടുകളിലും പ്രവേശിക്കുയില്ല ." [ബുഖാരി , മുസ്ലിം ]

10.

عن أبي هريرة قال ، استأذن جبريل عليه السلام على النبيِ ﷺ ، فقال «ادخل» فقال ، كيف أدخل وفي بيتك ستر فيه تصاوير ، فإما أن تقطع رءوسها، أو تجعل بساطا يوطأ فإنا معشر الملائكة لا ندخل بيتا فيه تصاوير
[رواه النسائي 5365 وصححه الألباني في صحيح سنن النسائي 5365]

അബൂ ഹുറൈറ رضي الله عنه പറഞ്ഞു :
ജിബ്രീൽ عليه السلام റസൂൽ ﷺ യുടെ അടുത്ത് പ്രവേശിക്കുന്നതിനായി അനുവാദം ചോദിച്ചു , റസൂൽ ﷺ പറഞ്ഞു : " താങ്കൾ പ്രവേശിച്ച് കൊൾക", ജിബ്രീൽ عليه السلام പറഞ്ഞു : ' ഞാൻ എങ്ങനെയാണ് പ്രവേശിക്കുക!,

താങ്കളുടെ വീട്ടിൽ ചിത്രങ്ങൾ ഉള്ള ഒരു മറ (കർട്ടൻ ) ഉണ്ടായിരിക്കെ, ഒന്നുകിൽ താങ്കൾ അതിന്റെ തലയെ മുറിച്ച് മാറ്റുക, അല്ലെങ്കിൽ അതിനെ ചവിട്ടുവാൻ ഉപയോഗിക്കുന്ന ഒരു പരവതാനി ആക്കുക, നിശ്ചയമായും ഞങ്ങൾ മലക്കുകൾ ചിത്രങ്ങൾ ഉള്ള വീടുകളിൽ പ്രവേശിക്കുകയില്ല'. " [നസാഈ]

11.

عَنْ عَائِشَةَ رَضِيَ اللَّهُ عَنْهَا قَالَتْ ، حَشَوْتُ لِلنَّبِي ﷺ وِسَادَةً فِيهَا تَمَاثِيلُ كَأَنَّهَا نُمْرُقَةٌ ، فَجَاءَ فَقَامَ بَيْنَ البَابَيْنِ وَجَعَلَ يَتَغَيَّرُ وَجْهُهُ ، فَقُلْتُ مَا لَنَا يَا رَسُولَ اللَّهِ؟ ، قَالَ «مَا بَالُ هَذِهِ الوِسَادَةِ؟» ، قَالَتْ وِسَادَةٌ جَعَلْتُهَا لَكَ لِتَضْطَجِعَ عَلَيْهَا ، قَالَ أَمَا عَلِمْتِ أَنَّ المَلاَئِكَةَ لاَ تَدْخُلُ بَيْتًا فِيهِ صُورَةٌ ، وَأَنَّ مَنْ صَنَعَ الصُّورَةَ يُعَذَّبُ يَوْمَ القِيَامَةِ يَقُولُ أَحْيُوا مَا خَلَقْتُمْ

[رواه البخاري 3224]

ആയിഷ رضي الله عنها പറഞ്ഞു : " ഞാൻ റസൂൽ ﷺ വേണ്ടി രൂപങ്ങൾ ഉണ്ടായിരുന്ന നമ്റുക്ക (*) - യെ സാദൃശ്യപ്പെടുത്തുന്ന ഒരു തലയിണ നിറച്ചു , പിന്നീട് റസൂൽ ﷺ വന്നു, വീട്ടിലേക്ക് പ്രവേശിക്കാതെ അദ്ദേഹം രണ്ട് വാതിലുകൾക്ക് ഇടയിൽ തന്നെ നിൽക്കുകയും, അദ്ദേഹത്തിന്റെ മുഖത്തിന് മാറ്റം വരുകയുണ്ടായി, ഞാൻ പറഞ്ഞു : ' അല്ലയോ അല്ലാഹുവിന്റെ റസൂലേ, എന്ത് സംഭവിച്ചു ' !?, അദ്ദേഹം പറഞ്ഞു : ' ഈ തലയിണുടെ അവസ്ഥ എന്താണ് '?, ഞാൻ പറഞ്ഞു : ' ഈ തലയിണ ഞാൻ താങ്കൾക്ക് ചാരി ഇരിക്കുവാൻ വേണ്ടി ചെയ്തതാണ് ' അപ്പോൾ അദ്ദേഹം പറഞ്ഞു : ' നിനക്ക് അറിയില്ലേ ! നിശ്ചയമായും മലക്കുകൾ ചിത്രം ഉള്ള വീട്ടിൽ പ്രവേശിക്കുകയില്ല, തീർച്ചയായും ചിത്രം

നിർമിച്ചവർ കിയാമത്ത് നാളിൽ ശിക്ഷിക്കപ്പെടുകയും ചെയ്യും, അവരോട് പറയും!ൽ; ' നിങ്ങൾ സൃഷ്ടിച്ചവയെ ജീവിപ്പിക്കുക' " [ബുഖാരി]

*നമ്റുക്ക = ചാരി ഇരിക്കുവാൻ ഉപയോഗിക്കുന്ന ഒരു തരം തലയിണ.

12.

عن عائشة، أنها قالت ، واعد رسول الله ﷺ جبريل عليه السلام في ساعة يأتيه فيها ، فجاءت تلك الساعة ولم يأته ، وفي يده عصا ، فألقاها من يده ، وقال «ما يخلف الله وعده ولا رسله» ، ثم التفت ، فإذا جرو كلب تحت سريره ، فقال: «يا عائشة، متى دخل هذا الكلب هاهنا؟» فقالت والله ، ما دريت ، فأمر به فأخرج ، فجاء جبريل ، فقال رسول الله ﷺ «واعدتني فجلست لك فلم تأت» ، فقال منعني الكلب الذي كان في بيتك، إنا لا ندخل بيتا فيه كلب ولاصورة
[رواه مسلم 2104]

ആയിഷ رضي الله عنها പറഞ്ഞു : ജിബ്രീൽ عليه السلام റസൂൽ ﷺ യോട് ഇന്ന സമയത്ത് അദ്ദേഹത്തിന്റെ അടുത്ത് എത്താം എന്ന് വാഗ്ദാനം നൽകി, ആ സമയം എത്തിച്ചർന്നിട്ടും അദ്ദേഹം വന്നില്ല!, റസൂൽ ﷺ യുടെ കയ്യിൽ ഒരു വടി ഉണ്ടായിരുന്നു അത് അദ്ദേഹം കയ്യിൽ നിന്ന് എറിഞ്ഞു, എന്നിട്ട് പറഞ്ഞു: " അല്ലാഹുവോ അല്ലാഹുവിന്റെ ദൂതന്മാരോ ഇത് വരെ അവരുടെ വാഗ്ദാനം ലംഘിച്ചിട്ടില്ല ". അപ്പോഴാണ് തന്റെ കട്ടിലിനടിയിൽ ഒരു നായകുട്ടിയെ ശ്രദ്ധിച്ചത്, അദ്ദേഹം ചോദിച്ചു: "അല്ലയോ ആയിഷ!, ഈ നായ ഇവിടെ എപ്പോഴാണ് പ്രവേശിച്ചത് ?! " ആയിഷ رضي الله عنها

പറഞ്ഞു:  "അല്ലാഹുവാണെ  സത്യം! ഞാൻ അറിയില്ല." അദ്ദേഹം കൽപിച്ചത് പ്രകാരം അതിനെ പുറത്താക്കപ്പെട്ടു, അപ്പോൾ ജിബ്രീൽ عليه السلام വന്നു. അപ്പോൾ റസൂൽ ﷺ പറഞ്ഞു :"താങ്കൾ എന്നോട് വാഗ്ദാനം നൽകിയത് പ്രകാരം ഞാൻ കാത്തിരിന്നു, എന്നാൽ താങ്കൾ വന്നില്ല " ജിബ്രീൽ عليه السلام പറഞ്ഞു :" താങ്കളുടെ വീട്ടിൽ ഉണ്ടായിരുന്ന നായ എന്നെ താങ്കളിലക്ക് പ്രവേശിക്കുന്നതിനെ തടഞ്ഞു, നിശ്ചയമായും ഞങ്ങൾ (മലക്കുകൾ) നായ ഉള്ള വീടുകളിലും ചിത്രം ഉള്ള വീടുകളിലും പ്രവേശിക്കുകയില്ല " [മുസ്ലിം]

13.

نهى ﷺ عن الصور في البيت ، و نهى الرجل أن يصنع ذلك
[ 709 / 1 السلسلة الصحيحة]

"റസൂൽ ﷺ ചിത്രങ്ങൾ വീട്ടിൽ സൂക്ഷിക്കുന്നതും,ഒരു മനുഷ്യൻ ചിത്രങ്ങൾ നിർമിക്കുന്നതിനെയും നിരോധിച്ചിരിക്കുന്നു". [സിൽസിലത്തു സ്വഹീഹ]

14.

عن أسامة بن زيد، قال دخلت على رسول الله ﷺ في الكعبة ورأى صورا قال: فدعا بدلو من ماء فأتيته به فجعل يمحوها ويقول قاتل الله قوما يصورون ما لا يخلقون
[1528 رواه الطبراني في المعجم الكبير 407 ، وصححه الألباني في الإرواء]

ഉസാമ ബിനു സെയ്ദ് رضي الله عنه പറഞ്ഞു :

ഞാൻ റസൂൽ ﷺ യുടെ അടുത്ത് കഅ്ബയുടെ ഉള്ളിൽ പ്രവേശിച്ചു, ആ സമയം അദ്ദേഹം ചിത്രങ്ങൾ കാണുകയും, ഒരു ബക്കറ്റിൽ വെള്ളത്തിന് വേണ്ടി ആവശ്യപ്പെടുകയും ചെയ്തു. ഞാൻ വെള്ളം കൊണ്ട് വന്നു, അദ്ദേഹം ചിത്രങ്ങൾ തുടച്ച്  കൊണ്ടിരിക്കെ പറഞ്ഞു : " അവർ സൃഷ്ടിക്കാത്തവയുടെ രൂപങ്ങൾ ഉണ്ടാക്കുന്ന ഒരു ജനവിഭാഗത്തെ അല്ലാഹു നശിപ്പിക്കട്ടെ " [ത്വബറാനി]

15.

عن أبي الحياج قال قال لي علي رضي الله عنه ، ألا أبعثك على ما بعثني عليه رسول الله ﷺ ؟ أن لا تدع صورة إلا طمستها، ولا قبرا مشرفا إلا سويته

[رواه مسلم]

അബു ഹയ്യാജ് رضي الله عنه പറഞ്ഞു,
അലി رضي الله عنه എന്നോട് പറഞ്ഞു: " റസൂൽ ﷺ എന്നെ അയച്ച ഒരു കാര്യത്തിലേക്ക് ഞാൻ താങ്കളെ  അയക്കട്ടെ ?, ഒരു ചിത്രത്തിനെയും ഒഴിവാക്കരുത്, നീ അതിനെ നശിപ്പിക്കാതെ. മാത്രമല്ല ഉയർത്തപ്പെട്ട ഒരു ഖബറും ഒഴിവാക്കരുത്, നീ അതിനെ നിരപ്പാക്കാതെ. " [മുസ്ലിം]

16.

عن جابر رضي الله عنه ، أن النبي ﷺ أمر عمر بن الخطاب رضي الله عنه زمن الفتح وهو بالبطحاء أن يأتي الكعبة، فيمحو كل صورة فيها ، فلم يدخلها النبي صلى الله عليه وسلم حتى محيت كل صورة فيها

[رواه أبو داود 4156 ، قال الألباني حسن صحيح في غاية المرام 143]

ജാബിർ رضي الله عنه വിൽ നിന്ന്, റസൂൽ ﷺ ഉമർ رضي الله عنه വിനൊട് മക്കാ വിജയത്തിന്റെ സമയത്ത് കഅ്ബയിലേക്ക് വരാനും, (ഉമർ رضي الله عنه ആ സമയത്ത് ബത്തയിൽ ആയിരിന്നു), അതിലുള്ള മുഴുവൻ ചിത്രങ്ങളും മായ്ച്ച് കളയുവാനും കൽപിച്ചു. റസൂൽ ﷺ കഅ്ബയിലുള്ള മുഴുവൻ ചിത്രങ്ങളും മായ്ക്കപ്പെടാതെ അതിൽ പ്രവേശിച്ചില്ല. " [അബൂ ദാവൂദ്]

ഈ ഹദീസുകളും ഇതിലും അധികം എത്രയോ ഹദീസുകളും, അസറുകളും, ഉലമാക്കളുടെ താക്കീതുകളും ഫത്വവകളും ഈ വിഷയമായി ബന്ധപ്പെട്ട് വന്നിട്ടുണ്ട്. അവയിൽ ചിലത് വായിക്കാം إن شـــاء الله.

**2**

## എന്ത് കൊണ്ടാണ് ചിത്രം (തസ്വീർ) ഹറാമാക്കപ്പെട്ടത് ?

---

### ➥ അല്ലാമ ഹമൂദ് അത്തുവൈജിരീ -رَحِمـهُ الله- പറഞ്ഞു:

മൂന്ന് കാരണങ്ങളാണ് തസ്വീർ ഹറാമാക്കപ്പെടാൻ കാരണം,

1. അല്ലാഹുവിന്റെ സൃഷ്ടിപ്പിനോട് സാദൃശ്യമുണ്ടാക്കൽ.
2. (നൂഹ് നബിയുടെ ജനതക്കും, നസ്വാറാക്കൾക്കും മറ്റ് മുശ്രിക്കുകൾക്കും സംഭവിച്ചത് പോലെ) ശിർക്കിലേക്ക് എത്തിച്ചേരുന്നതിനെ തടയാൻ.

3. നസ്വാറാക്കളുമായും മുശ്രിക്കുകളുമായും സാദൃശ്യപ്പെടാതിരിക്കാൻ.

- تحريم التصوير والرد على من أباحه للعلامة التويجري؛ ص 40 ، 41

**➥ അൽ ഖുർതുബി -رَحِمهُ الله- പറഞ്ഞു :**

❝ അവർ തങ്ങളുടെ ആദ്യ തലമുറക്കാരുടെ ചിത്രമുണ്ടാക്കിയത് അവരെ മാതൃകയാക്കാനും, അവരുടെ നല്ല പ്രവർത്തികളെ ഓർക്കാനും, അവർ പ്രയത്നിച്ചത് പോലെ പ്രയത്നിക്കാനും, അവരുടെ ഖബറിങ്കൽ അല്ലാഹുവിനോട് ദുആ ചെയ്യാനുമായിരുന്നു. അതിന് ശേഷം അവരുടെ ഈ ഉദ്ധേശത്തെ കുറിച്ച് അജ്ഞരായ ഒരു സമൂഹം അവരുടെ പിൻഗാമികളായി വന്നു. അപ്പോൾ അവരുടെ മുൻഗാമികൾ ഈ ചിത്രങ്ങളെ ആരാധിക്കുകയും, മഹത്വ വൽക്കരിക്കുകയും ചെയ്യാറുണ്ടായിരുന്നു എന്ന് ശെയ്ത്വാൻ അവരുടെ മനസ്സിൽ തോന്നിപ്പിച്ചു. ❞

- فتح المجيد شرح كتاب التوحيد للشيخ عبد الرحمن بن حسن آل الشيخ ؛ ص 180

# 3

# തസ്വീർ വിഷയം നിസാരമായ ഒന്നല്ലേ !?

**➡ ശെയ്ഖ് യഹ്‌യ ബ്നു അലീ അൽ ഹജൂരീ** حفظه الله **പറഞ്ഞു :**

" ഈ പാപത്തിൽ നിന്ന് നീ വിട്ടു നിൽക്കുക, - ജീവനുള്ളവയുടെ ചിത്രമെടുക്കലിൽ നിന്ന് - അതിൽ നിസാരത കാണിക്കുന്നതിനെ തൊട്ട് നീ സൂക്ഷിക്കുക, കാരണം അതിനെ പറ്റിയുള്ള താക്കീത് വളരെ കഠിനമാണു ".

- ليلة الجمعة ٤ شوال ١٤٤٠ هجرية

➡ സൗദി ഉലമാക്കളെ കുറ്റപ്പെടുത്തിക്കൊണ്ട് മുഹമ്മദ് അബൂ സുഹ്റ എഴുതി : " ബിംബാരാധനയില്ലാത്തതോ അല്ലെങ്കിൽ അതിലേക്ക് നയിക്കാത്തതോ ആയ ഫോട്ടോഗ്രാഫിക് ചിത്രീകരണം പോലുള്ള ചെറിയ കാര്യങ്ങളിൽ അവർ അമിതമായി ഇടപെട്ടു, അതിനോടവർ എതിർപ്പ് പ്രഖ്യാപിച്ചു. അത് കൊണ്ട് അവരുടെ ഉലമാക്കളെഴുതിയ ഫത്വകളിലും , രിസാലകളിലും അത് നമുക്ക് കാണാം..."

അതിന് മറുപടിയായി **അൽ അല്ലാമ അൽ ഫൗസാൻ -**حفظه الله**- പറഞ്ഞു :** ❝ എന്നാൽ അദ്ധേഹത്തിന്റെ വാക്കായ : " അവർ ചെറിയ കാര്യങ്ങളിൽ ബന്ധപ്പെട്ട് കിടന്നു " എന്നതിന് ശേഷം അദ്ധേഹം അതിന്

ഉദാഹരണമായി ഫോട്ടോഗ്രഫിക് ചിത്രീകരണത്തെ ഉദ്ധരിച്ചു. ഒന്നാമതായി, ഫോട്ടോഗ്രഫി എന്നത് ചെറിയ കാര്യങ്ങളിൽ പെട്ടതല്ല, എന്നാൽ അത് വൻ പാപങ്ങളിൽ പെട്ടതാണ്. ഫോട്ടോഗ്രഫിക് തസ്വീറും  അതല്ലാത്തതും തമ്മിൽ വേർ തിരിക്കാതെ അതിനെ നിരോധിച്ചു കൊണ്ടും, അതിൽ നിന്ന് താക്കീത് നൽകിക്കൊണ്ടും, ഫോട്ടോഗ്രാഫർമ്മാരെ ശപിച്ചു കൊണ്ടും, ഖിയാമത്ത് നാളിൽ അതികഠിനമായി ശിക്ഷിക്കപ്പെടുന്ന ആളുകളാണവർ എന്ന് വിവരമറിയിച്ച് കൊണ്ടും വന്ന സ്വഹീഹ് ആയ ഹദീഥുകൾ കാരണമായി.
ആരാണോ അത് തമ്മിൽ വേർ തിരിച്ചത്; അവനെതിരെ തെളിവുകളുണ്ട്. ഫോട്ടോഗ്രഫി ഹറാമാക്കപ്പെടാൻ കാരണമായി പറയപ്പെട്ട കാരണങ്ങൾ എല്ലാ തരം തസ് വീറുകളിലും യാഥാർത്ഥ്യമാവുന്നുണ്ട്. ❞

- البيان لأخطاء بعض الكتاب ج1/ ص164

**➥ എല്ലാ നിലക്കുമുള്ള തസ്വീറിനെ  പൊതുവായി ശക്തമായി താക്കീത് നൽകിക്കൊണ്ട് വന്നിട്ടുള്ള 34 ഹദീസുകൾ എടുത്ത് കൊടുത്തതിന് ശേഷം അൽ അല്ലാമ ഹമൂദ് അത്തുവൈജിരീ -رَحِمهُ الله- പറഞ്ഞു :**

❝ നബി ﷺ യിൽ നിന്ന് സ്ഥിരപ്പെട്ട് വന്നിട്ടുള്ള ഹദീസുകൾ തള്ളിക്കളയുക എന്നത് നിസാരമായ സംഗതിയല്ല. മനപ്പൂർവം ഒരൊറ്റ ഹദീസിന് ആരെങ്കിലും വിരുദ്ധമായാൽ അവൻ നാശത്തിന്റെ വക്കിലാണ്. അങ്ങനെയായിരിക്കെ, കൈ കൊണ്ടുള്ള തസ്വീറും , ഉപകരണം കൊണ്ടുള്ള തസ്വീറും  എല്ലാം

ഉൾക്കൊള്ളുന്ന നിലക്ക് തസ്വീറിനെ പൊതുവായി വിലക്കുന്ന നിലക്ക് വന്ന 34 ഹദീസുകൾക്ക് വിരുദ്ധമായവന്റെ അവസ്ഥയെന്താണ്!!.

ഇമാം അഹ്മദ് -رَحِمهُ الله- പറഞ്ഞിട്ടുണ്ട് : ' ആരെങ്കിലും റസൂലിന്റെ ഹദീസ് തള്ളിയാൽ അവൻ നാശത്തിന്റെ വക്കിലാണ് '. സ്വഹീഹായ ഹദീസുകൾക്ക് വിരുദ്ധമാകുന്നതിനെ വിലക്കിക്കൊണ്ടും അത് തള്ളിക്കളയുന്നതിനെതിരെ കഠിനമായി താക്കീത് ചെയ്ത് കൊണ്ടുമുള്ള ഉലമാക്കളുടെ വാക്കുകൾ ധാരാളമാണ്. ❞

- تحريم التصوير والرد على من أباحه ؛ ص 63

**➥ റസൂൽ ﷺ പറഞ്ഞ തസ്വീറിൽ എല്ലാ നിലക്കുള്ള തസ്വീറുകളും ഉൾപ്പെടുമെന്ന് പറഞ്ഞതിന് ശേഷം അൽ അല്ലാമ അൽ മുഹദ്ദിസ് മുഹമ്മദ് ബ്നു അലീ ആദം അൽ ഇത്യോപീ -رَحِمهُ الله- പറഞ്ഞു :**

❝ ചുരുക്കിപ്പറഞ്ഞാൽ ; വിഷയം വളരെ അപകടകരമാണ്. കാരണം അതിലുള്ള തസാഹുൽ (നിസാരമായിക്കാണൽ) വളരെ അധികമാണ്. പ്രത്യേകിച്ചും ഇൽമിലേക്ക് ചേർത്തിപ്പറയപ്പെടുന്ന ചിലയാളുകൾ അതനുവദനീയമാക്കി ഫത്വ കൊടുത്ത് പ്രോത്സാഹിപ്പിച്ചത് കാരണത്താൽ. ഇതാണ് ഏറ്റവും വലിയ മുസ്വീബത്ത്. إنا لله وإنا إليه راجعون ❞

- الموقع الرسمي للشيخ

ht t ps://al et i oupi .com/حكم-التصوير-بالأجهزة-الحديثة/

# 4

# ഫോട്ടോഗ്രഫി വിഷയം പരസ്പരം ഇൻകാർ ചെയ്യാൻ പാടില്ലാത്ത നിലക്കുള്ള ഇജ്തിഹാദിയായ വിഷയത്തിൽ പെട്ടതല്ലേ?

---

**➡ അൽ അല്ലാമ സ്വാലിഹ് അൽ ഫൗസാനോട് - حفظه الله- ചോദിക്കപ്പെട്ടു :**

❝ ചില യുവാക്കളോട് 'തസ്വീർ ഹറാമാണ്' എന്ന് നാം പറഞ്ഞാൽ അവർ പറയുന്നു : "ഈ വിഷയം ഇജ്തിഹാദി ആണ്" എന്ന്. എന്താണ് താങ്കളുടെ നസീഹ? ❞

അദ്ധേഹം -حفظه الله- പറഞ്ഞു : ❝ ഈ വിഷയം ഇജ്തിഹാദി അല്ല. അതിൽ തെളിവുകളുണ്ട്. അതിൽ തെളിവുകളുണ്ട്. (ചിത്രമുണ്ടാക്കുന്നയാളുകളെ നബി ശപിച്ചു) , (അവരാണ് ഏറ്റവും കഠിനമായി ഖിയാമത്ത് നാളിൽ ശിക്ഷിക്കപ്പെടുന്നവർ) എന്ന് അദ്ധേഹം അറിയിച്ചു. തെളിവിനോടൊപ്പം ഇജ്തിഹാദ് ഇല്ല. തെളിവുണ്ടെങ്കിൽ അതെടുത്ത് ജനങ്ങളുടെ ഇജ്തിഹാദുകൾ തള്ളിക്കളയൂ ❞

- المقطع الصوتي للشيخ

**➡ അൽ-അല്ലാമ ഹമൂദ് അത്തുവൈജിരീ -رَحِمَهُ الله- പറഞ്ഞു:**

❝ ഒരു വിഷയത്തിൽ തെളിവ് ലഭ്യമായിരിക്കെ സ്വന്തം കാഴ്ച്ചപ്പാട് കൊണ്ട് പ്രവർത്തിക്കൽ അനുവദനീയമല്ല, ഖുർആനിലോ സുന്നത്തിലോ ഒരു വിധി ലഭ്യമല്ലെങ്കിലാണ് കാഴ്ച്ചപ്പാടുകളുടെ ഇജ്തിഹാദ് അനുവദനീയമാവുക. ❞

അതിന് ശേഷം ഖുർആനിൽ നിന്നോ സുന്നത്തിൽ നിന്നോ തെളിവ് വന്നിട്ടുള്ള വിഷയത്തിൽ ഇജ്തിഹാദില്ല എന്നതിനുള്ള ചില ഹദീസുകളും അസറുകളും കൊടുത്തതിന് ശേഷം അദ്ധേഹം പറയുന്നു :

❝ ഖുർആനിൽ നിന്നോ സുന്നത്തിൽ നിന്നോ ഉള്ള തെളിവോ അല്ലെങ്കിൽ ഇജ്മാഓ ലഭ്യമുള്ളപ്പോൾ ഇജ്തിഹാദിനു സാധുതയില്ല എന്നും, സ്വന്തം അഭിപ്രായം വെച്ച് പ്രവർത്തിക്കാൻ പാടില്ല എന്നതിനും മുആദ് ബ്നു ജബലിൽ നിന്നുള്ള ഹദീസിലും, സഹാബാക്കളിൽ നിന്ന് ഉദ്ധരിക്കപ്പെട്ട ഈ അസറുകളിലും തെളിവുണ്ട്.

തസ്വീറിനെ വിലക്കിക്കൊണ്ടും, അത് ഹറാമാക്കിക്കൊണ്ടും, ചിത്രമെടുക്കുന്നവരെ ശപിച്ച് കൊണ്ടും, അവർ നരകത്തിന്റെ ആളുകളാണെന്ന് പറഞ്ഞു കൊണ്ടും, യൗമുൽ ഖിയാമയിൽ ഏറ്റവും കഠിനമായി ശിക്ഷിക്കപ്പെടുന്നവരാണവർ എന്ന് പറഞ്ഞ് കൊണ്ടും വന്നിട്ടുള്ള തെളിവുകൾക്ക് വിരുദ്ധമായ ഇത് പോലെയുള്ള തെറ്റായ ഫത്വകൾ അവലംബിച്ച് കൊണ്ട് ഫോട്ടോഗ്രഫിയെ ഹലാൽ ആക്കുന്നവർക്ക് ഇതിൽ കൃത്യമായ മറുപടിയുണ്ട്. ❞

- تحريم التصوير والرد على من أباحه ؛ ص 65

## 5

# ശൈഖുമാരുടെ ഫോട്ടോ ഉണ്ടെന്നത്, അവർ ഫോട്ടോ അംഗീകരിക്കുന്നു എന്നതിന്റെ തെളിവല്ലേ?

**➡ അൽ ഇമാം ഇബ്നു ബാസ് -رَحِمَهُ الله- പറഞ്ഞു :**

" അൽ മുജ്തമഅ്- അൽഇഅ്തിസ്വാം എന്നീ മാസികകളിൽ റമദാൻ മാസത്തിലെ നോമ്പിന്റെ വിധികളെ കുറിച്ചുള്ള എന്റെ ഫത്വയുടെ കൂടെ എന്റെ ഫോട്ടോ പ്രത്യക്ഷപ്പെട്ടത് ഞാൻ അത് അനുവദനീയമാക്കുന്നു എന്നതിന്റെയോ, അതിനെ തൊട്ട് ഞാൻ തൃപ്തനാണെന്നതിന്റെയോ തെളിവല്ല. അവരുടെ ഫോട്ടോയെടുക്കൽ ഞാൻ അറിഞ്ഞിട്ടില്ല "

- 1/669 فتاوى إسلامية ؛ ص 302 ، و مجموع فتاوى

**➡ അൽ-അല്ലാമ അബ്ദുൽ മുഹ്സിൻ അൽ അബ്ബാദ് -حفظه الله- പറഞ്ഞു :**

" ഐ ഡി കാർഡിനോ, പാസ്സ്പോർട്ടിനോ വേണ്ടിയല്ലാതെ എന്നെ ഫോട്ടോയെടുക്കാൻ ഞാൻ ഒരിക്കലും (ആർക്കും) അനുമതി നൽകിയിട്ടില്ല, എന്നെ ഫോട്ടോയെടുക്കാനോ എന്റെ ഫോട്ടോ പ്രചരിപ്പിക്കാനോ ഞാൻ ആരെയും അനുവദിക്കുന്നില്ല "

الموقع الرسمي للشمجموع

# 6

# ചില ഉലമാക്കൾ അനുവദനീയമായി ഫത്വ കൊടുത്തിട്ടുണ്ടല്ലോ?!

**➥ അൽ ഇമാം ഇബ്നു ബാസ് -رَحِمَهُ الله- പറഞ്ഞു :**

**1)** അൽ അല്ലാമ അബ്ദുൽ അസീസ് അറാജിഹീ[1] - حفظه الله- യോട് ചോദിക്കപ്പെട്ടു:

“ ബഹുമാന്യ പണ്ഢിതൻ അബ്ദുൽ അസീസ് ഇബ്നു ബാസ് വീഡിയോ ചിത്രമെടുക്കുന്നത് അനുവദനീയമാക്കിയിരിക്കുന്നു എന്ന് ജനങ്ങൾക്കിടയിൽ സംസാര വിഷയമായിരിക്കുന്നു. താങ്കൾ ശെയ്ഖുമായി അടുത്ത ബന്ധമുള്ളയാളും, ശെയ്ഖിന്റെ വാക്കുകളെ സംബന്ധിച്ച് നല്ല പോലെ അറിയുന്ന ആളുമാണ്. അതിനാൽ തൃപ്തികരമായൊരു വിശദീകരണം താങ്കളിൽ നിന്ന് പ്രതീക്ഷിക്കുന്നു.? ”

**മറുപടി :** ❝ ബഹുമാന്യ പണ്ഡിതൻ അബ്ദുൽ അസീസ് ഇബ്നു ബാസ് വീഡിയോ ചിത്രമനുവദിച്ച് കൊണ്ട് ഫത്വ പുറപ്പെടുവിച്ചതായി എനിക്കറിയുകയില്ല. ഐ ഡി കാർഡുകൾ, പാസ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ്, വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകൾ എന്നിങ്ങനെയുള്ള നിർബന്ധിത ആവശ്യങ്ങൾക്കൊഴികെ നിരുപാധികം ഫോട്ടോ പാടില്ല എന്ന് ഷെയ്ഖ് ഫത്വ നൽകിയതേ എനിക്കറിയുകയുള്ളൂ... ❞

حكم التصوير بالفيديو والتصوير الفوتوغرافي والصور الممتهنة" لشيخنا رشاد الضالعي ؛ ص13

———————————

(1) യാത്രകളിലും അല്ലാതെയും ഇരുപത് വർഷത്തിലധികം അൽ ഇമാം ഇബ്നു ബാസുമായി സഹവസിച്ചിട്ടുള്ള ആളാണ് ഇദ്ദേഹം.

**2) വീഡിയോഗ്രഫിയെ സംബന്ധിച്ച് ചോദിക്കപ്പെട്ടപ്പോൾ അതിന് മറുപടി നൽകുന്നതിനിടെ അൽ അല്ലാമ സ്വാലിഹ് അൽ ഫൗസാൻ** -حفظه الله- **പറഞ്ഞു** :

❝ അവർ ഇബ്നു ബാസ് -رحمه الله- യെയും വീഡിയോയിൽ എടുക്കുകയുണ്ടായി. അദ്ദേഹം അതിൽ തൃപ്തനായിരുന്നില്ല. അദ്ദേഹം അതിനെതിരിൽ താക്കീത് നൽകിയിട്ടുമുണ്ട്. അവർ വേദികളിലും മജ് ലിസുകളിലും ഹാജരാകുന്നു. എന്നിട്ട് അദ്ദേഹത്തിന്റെ പടമെടുക്കുന്നു. എന്നിട്ട് അത് ടി വി യിൽ വരുകയും ചെയ്യുന്നു. ഇതിനർത്ഥം ശെയ്ഖ് ഇബ്നു ബാസ് തസ്വീർ അനുവദനീയമാക്കി എന്നാണോ? ഒരിക്കലുമല്ല (വിലക്കിയിട്ടുണ്ട്).

തസ്വീറുകൾ അതിന്റെ ഏത് രൂപത്തിലാണെങ്കിലും ഹറാമാണെന്ന് പറഞ്ഞ് കൊണ്ടിരിക്കെയാണ് അദ്ദേഹം മരണപ്പെട്ടത് ❞

- مقطع صوتي للشيخ

**➥ അൽ അല്ലാമ അൽ മുഹദ്ദിസ് നാസ്വിറുദ്ധീൻ അൽ അൽബാനി -رَحِمَهُ الله- പറഞ്ഞു :**

ചോദ്യ കർത്താവ് : ❝ ചില സഹോദരങ്ങൾ ഫോട്ടോഗ്രഫി ഉപയോഗിച്ചുള്ള തസ്വീറിനെ അനുവദിച്ച് കൊണ്ട് തസ്വീറിനെ കുറിച്ച് ലേഖനമെഴുതിയതായും താങ്കൾ അത് പരിശോധിച്ചതായും അതിനെ അംഗീകരിച്ചതായും കേൾക്കുന്നു. ശരിയാണോ ? വിശദീകരണം പ്രതീക്ഷിക്കുന്നു. ❞

ശെയ്ഖ് അൽബാനി : ❝ വിശദീകരണം ആവശ്യമില്ല. പച്ചക്കളവ്. ❞

- سلسلة الهدى والنور 61

**➥ അൽ അല്ലാമ മുഹമ്മദ് ബ്നു സ്വാലിഹ് അൽ ഉസൈമീൻ -رَحِمَهُ الله- പറഞ്ഞു :**

**1)** അൽ അല്ലാമ അൽ ഉസൈമീന് ഫോട്ടോഗ്രഫി വിഷയത്തിൽ നസീഹത്ത് അയച്ച സഹോദരനുള്ള മറുപടിയായി അദ്ധേഹം പറഞ്ഞു :

❝ താങ്കൾ സൂചിപ്പിച്ച; ഞാൻ ഉപകരണങ്ങൾ കൊണ്ടുള്ള ചിത്രമെടുക്കൽ അനുവദിച്ച് കൊണ്ട് ആവർത്തിച്ച് മറുപടി കൊടുത്തിട്ടുണ്ട് എന്നതിനെ പറ്റി : താങ്കളെ ഞാൻ അറിയിക്കട്ടെ സഹോദരാ... -
ആത്മാവുള്ളവയുടെ - ചിത്രമെടുക്കുന്നത് നിർബന്ധ അവസ്ഥയിലോ, അല്ലെങ്കിൽ ഐ ഡി കാർഡ്, ലൈസൻസ്, യാഥാർത്ഥ്യം സ്ഥിരപ്പെടുത്തുന്നതിനോ

പോലെ യുള്ള ആവശ്യങ്ങൾക്കോ വേണ്ടിയല്ലാതെ ഞാൻ അനുവദിച്ചിട്ടില്ല... ❞

- 2/ 278 ؛ مجموع فتاوى ورسائل فضيلة الشيخ محمد بن صالح العثيمين

**2)** അൽ അല്ലാമ ഇബ്നു ഉസൈമീന്റെ ജീവചരിത്രം വിവരിക്കുന്നതിനിടെ അദ്ധേഹത്തിന്റെ വിദ്ധ്യാർത്ഥിയായ ഇസ്വാം അബ്ദുൽ മുൻഇം അൽ മുരീ പറഞ്ഞതായി ശെയ്ഖുനാ അബൂ അബ്ദി റഹ്മാൻ റഷാദ് അദ്വാലിഇൗ -حفظه الله- ഉദ്ധരിക്കുന്നു :

❝ ശെയ്ഖിന് ജാമിഅ അൽ ഇസ്ലാമിയ്യയിൽ ഒരു മുഹാദറയിൽ പങ്കെടുക്കാനുണ്ടായിരുന്നു. ആ വലിയ ഹാളിൽ ചില വീഡിയോ ക്യാമറകൾ ഉണ്ടായിരുന്നു. മുഹാദറക്കായി പ്ലാറ്റ്ഫോമിൽ കയറുന്നതിന് മുമ്പായി ശെയ്ഖ് ക്യാമറക്കാരുടെ അടുത്തേക്ക് ചെന്ന് ഒന്നൊന്നായി ക്യാമറകൾ തിരിച്ച് വെച്ചു. അതിന് ശേഷം സ്റ്റേജിൽ കയറി മുഹാദറ തുടങ്ങുന്നതിന് മുമ്പായി അദ്ധേഹം പറഞ്ഞു : " എന്റെ ഫോട്ടോ/ വീഡിയോ എടുക്കാൻ ഞാൻ ആരെയും അനുവദിക്കുന്നില്ല. ആരെങ്കിലും അങ്ങനെ ചെയ്താൽ യൗമുൽ ഖിയാമയിൽ ഞാൻ അവന്റെ എതിരായിരിക്കും " എന്നിട്ടദ്ധേഹം മുഹാദറ ആരംഭിച്ചു ❞

- حكم التصوير بالفيديو والتصوير الفوتوغرافي والصور الممتهنة ؛ ص 23

## 7

# കൈ കൊണ്ട് വരക്കുന്ന ജീവനുള്ളവയുടെ ചിത്രമല്ലേ ഹറാമാക്കപ്പെട്ടത്? ക്യാമറ കൊണ്ടുള്ളതല്ലല്ലോ?

---

**➡ അൽ അല്ലാമ ഹമൂദ് അത്തുവൈജിരീ -رَحِمهُ الله- പറഞ്ഞു :**

" കൈ കൊണ്ട് വരച്ചുണ്ടാക്കുന്ന ചിത്രത്തേക്കാൾ ചിത്രമെടുക്കപ്പെട്ടവയോട് ഏറ്റവുമധികം സാമ്യപ്പെടുന്നത് ഫോട്ടോഗ്രഫിയുടെ ഉപകരണങ്ങൾ കൊണ്ടെടുക്കുന്നവയാണ്.
ചിത്രവും ചിത്രമെടുക്കപ്പെട്ടവയും തമ്മിൽ ഏറ്റവും കൂടുതൽ സാമ്യതകളുള്ളവയാണ് അല്ലാഹുവിന്റെ സൃഷ്ടിപ്പിനോട് അനുകരണത്തിൽ[1] ഏറ്റവും കഠിനമാകുന്നത്.
അല്ലാഹുവിന്റെ സൃഷ്ടിപ്പിനോട് അനുകരണത്തിൽ ഏറ്റവും കഠിനമായതേതാണോ; അതാണ് അതിനേക്കാൾ അനുകരണത്തിൽ കുറവുള്ള ചിത്രങ്ങളേക്കാൾ ഹറാമാകുന്നത്.
അങ്ങനെയായിരിക്കെ ഫോട്ടോഗ്രഫിയുടെ ഉപകരണങ്ങൾ കൊണ്ടെടുക്കുന്നതാണ് കൈ കൊണ്ടുണ്ടാക്കുന്ന ചിത്രത്തേക്കാൾ അധികം ഹറാമാകുന്നത് "

- تحريم تصوير ذوات الأرواح ، ص/٤٨

———————————

❶ നബി ﷺ പറഞ്ഞു : " ഖിയാമത്ത് നാളിൽ ഏറ്റവും കഠിനമായി ശിക്ഷിക്കപ്പെടുന്ന ജനവിഭാഗം അല്ലാഹുവിന്റെ സൃഷ്ടിപ്പിനോട് സാദൃശ്യമുണ്ടാക്കുന്നവരാണ് "
ആഇഷ -رضي الله عنها- യിൽ നിന്ന് ; ബുഖാരി-മുസ്ലിം .

**➥ അൽ മുഹദ്ദിഥ് അൽ അല്ലാമ മുഹമ്മദ് നാസ്വിറുദ്ദീൻ അൽ അൽബാനി -رَحِمهُ الله- പറഞ്ഞു :**

" നമ്മൾ പറഞ്ഞിട്ടുള്ളതും, ഇപ്പോഴും പറഞ്ഞു കൊണ്ടിരിക്കുന്നതും കൈ കൊണ്ടുള്ള തസ് വീറിനേക്കാൾ ഹറാമായത് ഫോട്ടോഗ്രഫി കൊണ്ടുള്ള തസ്വീറാണ് എന്നതാണ്.

നീണ്ട വർഷങ്ങളുടെ പ്രയത്നത്തിന്റെ ഫലമായാണ് അങ്ങേയറ്റത്തെ കൃത്യതയോടെ ഫോട്ടോയെടുക്കുന്ന ഉപകരണത്തിലേക്ക് മനുഷ്യന് എത്താൻ സാധിച്ചത്, എത്രത്തോളമെന്നാൽ, ഒരു ബട്ടൺ അമർത്തലിലൂടെ അങ്ങേയറ്റത്തെ വ്യക്തതയോടെയും, അല്ലാഹുവിന്റെ സൃഷ്ടിപ്പുമായി അങ്ങേയറ്റത്തെ സാദൃശ്യമുണ്ടാക്കുന്ന[1] ഫോട്ടോ പുറത്ത് വരുന്നു."

- سلسلة الهدى والنور - 360

## 8

# എല്ലാ തസ്'വീറും റസൂൽ ﷺ ഹറാമാക്കിയിരിക്കെ, തസ്'വീർ അനുവദനീയമാക്കുന്നവന്റെ കയ്യിലുള്ള തെളിവ് എന്താണ് ?

**➥ അൽ അല്ലാമ അൽ ഫൗസാൻ -حفظه الله- പറഞ്ഞു:**

❝ അല്ലാഹുവിന്റെ യും റസൂലിന്റെയും വാക്കുകൾ; അവകളിൽ നിന്ന് തന്നെയുള്ള തെളിവുകൾ കൊണ്ടല്ലാതെ, മനുഷ്യരുടെ ഇജ്തിഹാദുകൾ കൊണ്ടോ, ഫിലോസഫി കൊണ്ടോ പ്രത്യേകമാക്കാൻ പാടില്ല എന്ന് അറിയപ്പെട്ടതാണ്.

ഹദീഥിന്റെയും തഫ്സീറിന്റെയും അടിസ്ഥാന നിയമങ്ങളിൽ അറിയപ്പെട്ടതാണ്; പൊതുവായി വന്ന വാക്കുകൾ, തെളിവുകൾ കൊണ്ടല്ലാതെ പ്രത്യേകമാക്കപ്പെടുകയില്ല എന്നത്. ജനങ്ങളിൽ നിന്നുള്ള ഇജ്തിഹാദുകൾ കൊണ്ട് അത് പ്രത്യേകമാക്കപ്പെടുകയില്ല. ഏകോപിക്കപ്പെട്ടതും, അംഗീകരിക്കപ്പെട്ടതുമായ ഒരു അടിസ്ഥാന ഖാഇദയാണ് ഇതെന്നാണ് ഉലമാക്കൾ പറയാറുള്ളത്.
എങ്ങനെയാണ് അവർ ഈ അടിസ്ഥാന നിയമത്തെ പറ്റി അജ്ഞരായത്. എന്നിട്ടവർ പറയുന്നു : " ഉപകരണങ്ങൾ കൊണ്ടുള്ള ഫോട്ടോയെടുക്കൽ തടയപ്പെട്ടതിൽ പെടുകയില്ല -എന്നിങ്ങനെ- ". ഫിഖ്ഹിന്റെ അടിസ്ഥാന

നിയമങ്ങളെ കുറിച്ച് അറിവുള്ളവരുടെയടുക്കലും, അഹ്ലുൽ ഇൽമിന്റെയടുക്കലും ഒരു വിലയുമില്ലാത്ത വെറും വാക്കുകൾ മാത്രമാണ് ഇതെല്ലാം. ഉസൂലിലെ നിയമങ്ങൾ ഇതിനെ നിരാകരിക്കുന്നു.
അവർക്ക് ഇത് അറിയാം, എന്നാൽ -سبحان الله- ഹവയും, അബദ്ധങ്ങളും അതിന്റെ ആളെ ചിലപ്പോൾ വിധൂരമായ മദ്ഹബിലേക്ക് കൊണ്ട് പോയേക്കാം. റസൂൽ ﷺ പറയുന്നു : " എല്ലാ ചിത്രമെടുക്കുന്നവനും നരകത്തിലാണ് " എന്ന്, മറ്റൊരുത്തൻ വന്ന് പറയുന്നു : 'അല്ല, ഫോട്ടോഗ്രഫി കൊണ്ട് ചിത്രമെടുക്കുന്നവൻ നരകത്തിലല്ല എന്ന് '. ❞

- إعانة المستفيد شرح كتاب التوحيد ؛ ص605

**➥ അൽ അല്ലാമ ഹമൂദ് അത്തുവൈജിരീ -رَحِمـهُ الله- പറഞ്ഞു :**

❝ ഇനി (ഫോട്ടോഗ്രഫി അനുവദനീയമായി) ഫത്വ നൽകുന്നയാളോട് ഫോട്ടോഗ്രഫി ഉപകരണങ്ങൾ കൊണ്ട് ഫോട്ടോയെടുക്കലോ, അല്ലെങ്കിൽ തലയോ കയ്യോ പോലെയുള്ള ശരീരത്തിന്റെ ചില ഭാഗങ്ങൾ ഫോട്ടോയെടുക്കലോ അനുവദനീയമാണെന്നതിന് തെളിവ് വ്യക്തമാക്കാൻ ആവശ്യപ്പെട്ടാൽ അവനൊരു വഴിയും അതിന് കണ്ടെത്തുകയില്ല ❞

- تحريم التصوير والرد على من أباحه ؛ ص 56

9

# ഫോട്ടോഗ്രഫിയെ തസ്വീറിൽ നിന്ന് വേർപ്പെടുത്താൻ ശ്രമിക്കുന്ന തെറ്റായ രീതി ഉലമാക്കളിലേക്ക് വരെ പകർന്നത് എവിടെ നിന്നാണ് ?

---

**➥ റസൂൽ ﷺ 'എല്ലാ തസ്വീറും ' എന്ന് പറഞ്ഞിട്ടും, ചിലയാളുകൾ അതിൽ നിന്ന് ഫോട്ടോഗ്രഫിയെ വേർപ്പെടുത്താൻ പരിശ്രമിക്കുന്നതിന് കാരണങ്ങൾ വിശദീകരിക്കവേ അൽ അല്ലാമ അൽ മുഹദ്ദിഥ് അൽ-അൽബാനി -رَحِمَهُ الله- പറഞ്ഞു :**

❝ രണ്ടാമത്തെ കാര്യം : ഇത് നാം വായിച്ചിട്ടുണ്ട് മിസ്റിലെ മുഫ്തിയായിരുന്ന ബഖീതിന്റെ കാലത്ത്, പിന്നീടത് ശ്രേഷ്ഠരായ മുസ്ലിം ഉലമാക്കളിലേക്ക് പകരുകയാണുണ്ടായത്. അങ്ങനെ ഇത് കേവലമൊരു ബട്ടൺ അമർത്തലാണെന്ന് അവർ പറഞ്ഞു. എന്നാൽ എന്റെയടുക്കൽ ഇത് അത്ഭുതകരമായ ഒരു പിടിവാശിയാണ്[1]. ❞

- 394 سلسلة الهدى والنور

———————————

(1) ' ഇതൊരു പിടിവാശിയാണ് ' എന്ന സമാനമായ വാക്ക് അൽ-ഇമാം ഇബ്നു ബാസ് -رَحِمَهُ الله- പറഞ്ഞതായി അൽ-അല്ലാമ അബ്ദുൽ അസീസ് അറാജിഹീ -حفظه الله- ഉദ്ധരിച്ചിട്ടുണ്ട്.

➥ **അൽ ഇമാം മുഖ്ബിൽ ബ്നു ഹാദി അൽ വാദിഈ പറഞ്ഞു -رَحِمهُ الله- പറഞ്ഞു :**

❝ "ആത്മാവുള്ളവയുടെ ചിത്രമെടുക്കുന്നതിന്റെ വിധി" എന്ന പേരിലുള്ള പ്രിന്റ് ചെയ്യപ്പെട്ട ഒരു രിസാല നമുക്കുണ്ട്. ചിത്രങ്ങൾ നിഷിദ്ധമാണെന്നതിനെ പറ്റി മുമ്പും എഴുതപ്പെട്ടിട്ടുണ്ടെങ്കിലും നമ്മെ അതിനായി പ്രേരിപ്പിച്ചത്; അഹ്ലുൽ ഇൽമിൽ പെട്ട ചിലർക്ക് ഇഖ് വാനുൽ മുസ്ലിമൂൻ ആശയക്കുഴപ്പം ഉണ്ടാക്കിത്തുടങ്ങി എന്നതാണ്. പ്രബോധന സംരംഭങ്ങളൊക്കെ ഇഖ്വാനുൽ മുഫ്ലിസൂനിനാൽ (മുസ്ലിമൂനിനാൽ ) പരീക്ഷിക്കപ്പെട്ടിരിക്കുകയാണ് ❞

- 42 تحفة المجيب على أسئلة الحاضر والغريب ؛ ص

➥ **അൽ അല്ലാമ അൽ മുഹദ്ദിഥ് അൽ-അൽബാനി -رَحِمهُ الله- പറഞ്ഞു :**

❝ സഈദ് റമദാനെ നിങ്ങൾക്കറിയുമായിരിക്കും. ഹസനുൽ ബന്നയുടെ സഹചാരിയായിരുന്നു അദ്ധേഹം. ദിമശ്ഖിൽ വന്നപ്പോൾ അദ്ധേഹം ഇഖ്വാനുൽ മുസ് ലിമൂനിന്റെ സെന്ററിൽ വന്നിറങ്ങി. ഒരു റൂമിൽ വെച്ച് അദ്ധേഹവുമായി ഞാൻ കണ്ടു മുട്ടി. ദഅ്'വത്തുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്തു[1]. അങ്ങനെ ചിത്രവുമായി ബന്ധപ്പെട്ട കാര്യത്തെ കുറിച്ച് ചർച്ച വന്നു. അയാൾ ബഖീത്ത് അൽ മിസ്രിയുടെ ഫത്വയാൽ സ്വാധീനിക്കപ്പെട്ട വ്യക്തിയാണ്. അദ്ധേഹത്തിന്റെ ഫത്വ

നീ കേട്ടിട്ടുണ്ടോ? കൈ കൊണ്ടുള്ള തസ്വീറും ,
ഫോട്ടോഗ്രഫിയും തമ്മിൽ വേർ തിരിച്ച് ഫോട്ടോഗ്രഫിയെ
അനുവദനീയമാക്കുന്ന ഈ ചീത്ത രീതി ആദ്യമായി
നടപ്പിൽ വരുത്തിയത് അദ്ധേഹമാണ്. ❞

سلسلة الهدى والنور 272 -

——————————

(1) മറ്റൊരു കാസറ്റിൽ ഏകദേശം 30 വർഷം മുമ്പ് ഇഖ്
വാനുൽ മുസ്ലിമൂനിന്റെ ഒരു നേതാവുമായി കണ്ടു മുട്ടി
എന്ന് പറയുന്നുണ്ട്. അതായത് ഏകദേശം 1960
കളിലാണ് ഈ സംഭവം. പിന്നീട് ഷെയ്ഖ് അൽ
അൽബാനി -رَحِمَهُ الله- അടക്കമുള്ള ഉലമാക്കൾ കൃത്യമായി
അവരുടെ വ്യതിയാനങ്ങൾ വിശദീകരിക്കുകയുണ്ടായി.

## 10

# റസൂൽ ﷺ എല്ലാ തരത്തിലുള്ള തസ്വീറും ഹറമാക്കിയിരിക്കെ അതിന് വിരുദ്ധമായ ഫത്വകളിലേക്ക് തിരിഞ്ഞ് നോക്കേണ്ടതില്ല.

**➥തസ്വീർ ഹറാമാണെന്നുള്ള ഖൗലിൽ നിന്ന് താങ്കൾ മടങ്ങിയിട്ടുള്ളതായി പ്രചരിപ്പിക്കപ്പെടുന്നത് ശരിയാണോ എന്ന ചോദ്യത്തിന് മറുപടി നൽകവേ അൽ അല്ലാമ അൽ ഫൗസാൻ -حفظه الله- പറയുന്നു :**

❝ തസ്വീർ ഹറാമാണ്. അത് ഹലാൽ ആണെന്ന്

പറയാൻ എനിക്ക് അവകാശമില്ല. മറ്റുള്ളവർക്കും അവകാശമില്ല. കാരണം, അതിനെ ഹറാമാക്കുന്നതും, അതിനെ തൊട്ട് ശക്തമായി താക്കീത് ചെയ്യുന്നതും, അത് വൻ പാപങ്ങളിൽ പെട്ടതാണെന്നുള്ളതുമായ തെളിവ് വ്യക്തമാണ് ❞

- الموقع الرسمي للشيخ
ht t ps://www.al f awz an.af .or g.sa/ar /node/10243

**➥അൽ അല്ലാമ ഹമൂദ് അത്തുവൈജിരീ -رَحِمَهُ الله- പറഞ്ഞു :**

❝ ഫോട്ടോഗ്രഫി ഹറാമാക്കിക്കൊണ്ടും, അതിനെതിരെ ശക്തമായി താക്കീത് നൽകിക്കൊണ്ടും നബി ﷺ യിൽ നിന്ന് സ്ഥിരപ്പെട്ട് വന്നിട്ടുള്ള തെളിവുകൾക്ക് വിരുദ്ധമായുള്ള വാക്കുകളിലേക്ക് നോക്കുകയോ, അത് നബിയുടെ വാക്കുമായി തുല്യപ്പെടുത്തുകയോ ചെയ്യാവതല്ല. എന്ന് മാത്രമല്ല , അത് തോട്ടിലെറിയുകയാണ്[1] വേണ്ടത്. കാരണം റസൂൽ യുടെ വാക്കുകളോടൊപ്പം മറ്റൊരാളുടെ വാക്കുമില്ല.
അല്ലാഹു ﷻ പറഞ്ഞു :
( അല്ലാഹുവും റസൂലും ഒരു കാര്യത്തിൽ തീരുമാനമെടുത്ത് കഴിഞ്ഞാൽ പിന്നെ ഒരു സത്യ വിശ്വാസിക്കോ സത്യവിശ്വാസിനിക്കോ തങ്ങളുടെ കാര്യത്തിൽ തങ്ങൾക്കിഷ്ടപ്പെട്ടത് തെരഞ്ഞെടുക്കാൻ പാടില്ലാത്തതാണ്. അല്ലാഹുവിനോടും അവന്റെ റസൂലിനോടും അനുസരണക്കേട്

കാണിക്കുന്നതാരാണോ അവർ വ്യക്തമായ വഴികേടിലായിരിക്കുന്നു ) ❞

- تحريم التصوير والرد على من أباحه ؛ ص4

————————————

(1) അറബിയിൽ സമാനമായ ഒരു പ്രയോഗമാണ് ഷെയ്ഖ് നടത്തിയിട്ടുള്ളത്.

**➡ക്യാമറ കൊണ്ടുള്ള തസ്വീറും , മറ്റ് ചില തസ്വീറുകളും ഹദീഥിൽ പറഞ്ഞതിൽ നിന്ന് വേർപ്പെടുത്തിയ മിസ്റിലെ മുഫ്തി ആയിരുന്ന അലി ജുംഅ[1] അതിന് ശേഷം പറഞ്ഞ " ഇത് അമ്പത് വർഷങ്ങളായുള്ള ഫത്വകളിൽ രേഖപ്പെടുത്തപ്പെട്ടതാണ് " എന്ന വാക്കിന് മറുപടി നൽകുന്നതിനിടെ അൽ അല്ലാമ അഹ്മദ് ബ്നു യഹ്‌യ അന്നജ്മി പറഞ്ഞു :**

❝ ഇതാകട്ടെ മജ്ഹൂലിലേക്കുള്ള[2] റെഫർ ചെയ്യലാണ്. എന്നിരുന്നാലും, ശറഇയായ തെളിവുകൾക്ക് എതിരായി നൽകപ്പെട്ട ഫത്വകളിൽ ഒരു കാര്യവുമില്ല. തെളിവിനാൽ സ്ഥാപിതമായ ഫത്വകളിലാണ് കാര്യമുള്ളത്. അതല്ലാത്തതാണെങ്കിൽ നാം പറഞ്ഞ പോലെ അതിനൊരു വിലയുമില്ല. ❞

അതിന് ശേഷം അദ്ധേഹം പറഞ്ഞു :

❝ അവലംബമാക്കപ്പെടുക വ്യക്തമായ തെളിവോട് കൂടി വന്നതിന് മുകളിലാണ്. അതല്ലാതെ സ്വന്തം വാക്ക്

തെളിവായി പരിഗണിക്കപ്പെടാത്ത തരത്തിലുള്ള ആളുകളുടെ വാക്കുകളിലല്ല ❞

- رد علي مفتي مصر علي جمعة

———————————

(1) സൂഫി അശ്അരീ സ്വാധീനമുള്ള വ്യക്തിയാണിയാൾ

(2) ആരാണെന്ന് അറിയാത്ത ഇത്തരക്കാരിൽ നിന്ന് ദീൻ സ്വീകരിക്കുക എന്നത് സാമാന്യ ബുദ്ധിയുള്ള സലഫിയ്യത്തിന്റെ ബാലപാഠം മനസ്സിലാക്കിയ ആളുകൾ പോലും അംഗീകരിക്കുന്ന ഒന്നല്ല എന്നുള്ള ഫാഇദ യും ഇതിലുണ്ട്.

**➥ ശെയ്ഖ് ഫൗസാൻ -حفظه الله- വീഡിയോയിലൂടെയുള്ള സംസാരങ്ങൾ അനുവദനീയമാക്കുന്നുണ്ട് എന്ന് കേൾക്കുന്നുണ്ടല്ലോ എന്ന ചോദ്യത്തിന് അഷെയ്ഖ് അബ്ദുൽ ഹമീദ് അൽ ഹജൂരി -حفظه الله- നൽകിയ മറുപടി :**

❝ അദ്ധേഹം അതനുവദനീയമാക്കുന്നുണ്ട് എന്ന് ഞാൻ കരുതുന്നില്ല. ഇനി അദ്ധേഹം അനുവദനീയമാക്കിയാൽ തന്നെ അതനുവദനീയമാവുകയില്ല, കാരണം അല്ലാഹു അത് ഹറാമാക്കിയിട്ടുണ്ട്. ആത്മാവുള്ളവയുടെ തസ്വീർ ഹറാമാക്കിക്കൊണ്ടുള്ള നല്ല സംസാരങ്ങൾ ഷെയ്ഖ് ഫൗസാന്റേതായി ഉള്ളതേ നമുക്കറിയുകയുള്ളൂ, എന്ന് മാത്രമല്ല ഹറമിലെ ചില ദർസ്സുകൾ അദ്ധേഹം നിർത്തിവെക്കുകയും അത്തരക്കാർക്കെതിരെ ഇൻകാർ ചെയ്യുകയും ചെയ്തിട്ടുണ്ട്. അത് കൊണ്ട് ഇത്തരം

പിടിക്കയറും കടിഞ്ഞാണുമില്ലാത്ത വാക്കുകൾ ഉദ്ധരിച്ച് കൊണ്ട് അല്ലാഹു ഹറാമാക്കിയത് ഹലാൽ ആക്കാൻ നിൽക്കരുത്. ❞

- القناة الرسمية للشيخ

ht t ps://t .me/A l zoukor y/12631

**➥ ഫോട്ടോഗ്രഫിയെ കുറിച്ച് സംസാരിക്കവേ അൽ-അല്ലാമ മുഹമ്മദ് അമാൻ അൽ ജാമീ رحمه الله പറഞ്ഞു :**

❝ എളുപ്പമുള്ളതും, ഒഴിവ് കഴിവ് നൽകുന്നതുമായ ഫത് വകൾ പിന്തുടർന്ന് സ്വന്തം ഹവയോട് യോജിച്ചു എന്നതിന്റെ പേരിൽ ഹറാമിനെ അനുവദനീയമാക്കുന്നവൻ, അല്ലാഹു ഹറമാക്കിയത് ഹലാൽ ആക്കുക എന്ന വലിയ അപകടത്തിലാണ് ചെന്ന് ചാടിയിട്ടുള്ളത്. ❞

പിന്നീടദ്ധേഹം പറഞ്ഞു :

❝ നിന്റെ ചുറ്റുപാട് നിന്നെ സ്വാധീനിച്ചത് കാരണത്താൽ നീ അതുപയോഗിക്കുന്നുണ്ടെങ്കിൽ പോലും അത് ഹറാമാണെന്ന് തിരിച്ചറിയുന്നതാണ്; 'അല്ല. അത് ഹലാലാണ്. ഫുലാൻ അങ്ങനെ ഫത്വ കൊടുത്തിട്ടുണ്ട് ' എന്ന് പറയുന്നതിനേക്കാൾ നിനക്ക് നല്ലത്. ❞

വീണ്ടും പറഞ്ഞു :

❝ ഒരു ഭരണാധികാരിയുടെ വിധി അല്ലാഹുവിന്റെയടുക്കൽ മോശമായ ഒരു സംഗതിയെ ഹലാലാക്കുകയോ, നല്ലതാക്കുകയോ ഇല്ല. ഒരു മുഫ്തി (അനുവദനീയമാക്കി) ഫത്വ കൊടുത്താലും, ഖാദി (അനുവദനീയമാക്കി) വിധിച്ചാലും ഹറാം ഹറാം തന്നെയാണ്. ❞

- المقطع الصوتي للشيخ

## 11

# അല്ലാഹു എന്ത് കൊണ്ട് തസ്വീർ ഹറാമാക്കി എന്ന് നോക്കിയാൽ വീഡിയോയാണ് ഫോട്ടോയേക്കാൾ ഗൗരവം കൂടിയത്.

**➥ അൽ അല്ലാമ അൽ മുഹദ്ദിഥ് അൽ-അൽബാനി -رَحِمَهُ الله- പറഞ്ഞു :**

❝ വീഡിയോ എന്ന് പറയപ്പെടുന്നത് ഫോട്ടോയേക്കാൾ തിന്മ നിറഞ്ഞതാണ്. കാരണം നിശ്ചല ഫോട്ടോയിലുള്ളതിനേക്കാൾ വളരേയധികമാണ് അതിൽ അല്ലാഹുവിന്റെ സൃഷ്ടിപ്പിനോടുള്ള സാദൃശ്യമുണ്ടാക്കൽ. കാരണം ചലിക്കുന്ന, കഴിക്കുന്ന, കുടിക്കുന്ന ഒരു മനുഷ്യനെയാണ് നിനക്കതിൽ കാണുക ❞

- سلسلة الهدى والنور 394

**➥ അൽ അല്ലാമ അൽ മുഹദ്ദിഥ് അൽ-അൽബാനി -رَحِمهُ الله- പറഞ്ഞു :**

❝ വീഡിയോയെ കുറിച്ചുള്ള എന്റെ നിലപാട് ഫോട്ടോയെ കുറിച്ചുള്ള നിലപാടിൽ നിന്ന് വിഭിന്നമല്ല. കാരണം അത് സ്ഥാപിതമായിട്ടുള്ളത് ഫോട്ടോയിലും, തസ്വീറിലുമാണ് [1]. ❞

سلسلة الهدى والنور 272

————————————

(1) വീഡിയോ എന്നത് ഒരു സെക്കന്റിൽ എണ്ണപ്പെട്ട ഫോട്ടോകളെ ചലിപ്പിക്കുന്നതാണെന്ന വിവരം, ഫോട്ടോഗ്രഫിയെ ഹറാമും വീഡിയോഗ്രഫിയെ ഹലാലും ആയിക്കാണുന്നവരുടെ പരസ്പര വൈരുദ്ധ്യത്തിന് വ്യക്തമായ ഉദാഹരണമാണ്.

**➥ അൽ അല്ലാമ അഹ്മദ് ബ്നു യഹ്യ   അന്നജ്മി -رَحِمهُ الله- പറഞ്ഞു :**

❝ തസ്വീറിൽ   ഏറ്റവും കഠിനമായത് ചലനവും, സംസാരവും ഉൾക്കൊള്ളുന്നതാണ്, അതിന് താഴെയാണ് ചലനമോ സംസാരമോ ഇല്ലാത്ത ചിത്രം ഉൾപ്പെടുന്നത്. അവയെല്ലാം തന്നെ പ്രമാണങ്ങളിൽ വന്നിട്ടുള്ള പോലെ അത് ചെയ്യുന്നവൻ ശിക്ഷ കൊണ്ട് താക്കീത് നൽകപ്പെട്ടവയാണ് ❞

الشرح الموجز الممهد لتوحيد الخالق الممجد الذي ألفه شيخ الإسلام محمد بن عبد الوهاب ؛ ص354

**➥ തസ്വീർ  വിഷയത്തിലുള്ള ഹദീഥുകളൊക്കെ എല്ലാ നിലക്കുമുള്ള ചിത്രമെടുക്കൽ ഉൾപ്പെടുന്ന നിലക്കുള്ള പൊതുവായ വാക്കുകളാണെന്ന ഇമാം നവവിയുടെ വാക്കുകളുദ്ധരിച്ചതിന് ശേഷം ഷെയ്ഖുനാ ഹുസൈൻ അൽ ഹത്വീബി حفظه الله പറഞ്ഞു :**

ചിലർ പറയുന്നു : വീഡിയോ ആണെങ്കിൽ അനുവദനീയമാണ് എന്ന്.
അൽഫൗസാൻ حفظه الله പറഞ്ഞു: വീഡിയോ എന്നത് ഫോട്ടോയും അതിൽ കൂടുതലുമാണ്. കാരണം അത് ചലിക്കുന്ന ഫോട്ടോയാണ്.

- الكنز التليد في شرح كتاب التوحيد؛ 2/ 206

**12**

# കൈ കൊണ്ടുള്ള തസ്വീറിനെ ഹറാമും, ഉപകരണം കൊണ്ടുള്ളതിനെ ഹലാലും ആയിക്കാണുന്നവരെ ഉത്തരം മുട്ടിക്കുന്ന ചില വാക്കുകൾ.

---

**➥അൽ അല്ലാമ ഹമൂദ് അത്തുവൈജിരീ -رَحِمهُ الله- പറഞ്ഞു :**

❝ കൈ കൊണ്ട് പിഴിഞ്ഞുണ്ടാക്കിയ കള്ള് മാത്രമാണ് ഹറാമായത്, എന്നാൽ അതിന് വേണ്ടി തയ്യാറാക്കപ്പെട്ട

ഉപകരണം കൊണ്ടുണ്ടാക്കിയത് കൈ കൊണ്ട് പിഴിഞ്ഞുണ്ടാക്കിയതിനേക്കാൾ ലഹരി പിടിപ്പിക്കുന്നതാണെങ്കിൽ പോലും[1] അത് ഹറാമാവുകയില്ല എന്ന് ഒരാൾ പറഞ്ഞാൽ അവന്റെ വാക്കുകളും ഈ ശുബുഹത്തുകാരന്റെ വാക്കുകളും തമ്മിൽ ഒരു അന്തരവുമില്ല. കാരണം രണ്ടാളുകളും ഏറ്റവുമധികം ഹറാമാക്കപ്പെടേണ്ടതിനെ ഹലാലാക്കുകയും, അതിനേക്കാൾ താഴെ ഉള്ളതിനെ ഹറാമാക്കുകയും ചെയ്തു ❞

- إعلان النكير ؛ ص 94 ، و تحريم التصوير ؛ ص56

———————————

(1) കള്ള് ഹറാമാക്കപ്പെടാനുള്ള പ്രധാനപ്പെട്ട കാരണമാണ് ലഹരി എന്നത് പോലെ തസ്വീർ ഹറാമാക്കപ്പെടാനുള്ള കാരണങ്ങളിൽ പെട്ടതാണ് അല്ലാഹുവിന്റെ സൃഷ്ടിപ്പിനോട് സാദൃശ്യമുണ്ടാക്കൽ എന്നത്.

**➥ ഈ ഉപകരണം റസൂലിന്റെ ﷺ കാലത്തില്ലാത്തത് കൊണ്ട് ഇതിലൂടെ പുറത്ത് വരുന്നത് ചിത്രമായി (സ്വൂറയായി) പരിഗണിക്കപ്പെടുകയില്ല എന്ന് പറയുന്നവർക്ക് മറുപടിയായി അൽ അല്ലാമ അൽ മുഹദ്ദിഥ് അൽ-അൽബാനി -رَحِمَهُ الله- പറഞ്ഞു :**

❝ ഈ ഉപകരണം റസൂൽ ﷺ യുടെ കാലത്തുണ്ടായിരുന്നില്ല. പക്ഷേ റിസൾട്ട് ഒന്ന് തന്നെയാണ്. വിമാനം (റസൂലിന്റെ കാലത്ത്) ഉണ്ടായിരുന്നില്ല, കാർ (റസൂലിന്റെ കാലത്ത്) ഉണ്ടായിരുന്നില്ല. ഒരാൾക്ക് (യാത്ര ചെയ്യാൻ) മൃഗത്തിന്റെ പുറത്ത് കയറാൻ കഴിയില്ല; പക്ഷേ അവന് കാറിലും

വിമാനത്തിലും കയറാൻ സാധിക്കും.
അങ്ങനെയുള്ളപ്പോൾ അവന് ഹജ്ജ് നിർബന്ധമാവുമോ അതോ ഇല്ലയോ? തീർച്ചയായും നിർബന്ധമാവും. എന്ത് കൊണ്ട് ? അവന് അതിലേക്കുള്ള വഴി സാധ്യമാണ്. അതായത് അതിനുള്ള മാധ്യമം ലഭ്യമാണ്. തസ്വീറിന്റെ ഉപകരണം റസൂലിന്റെ കാലത്ത് ഇല്ലായിരുന്നുവെങ്കിൽ പോലും റസൂൽ ﷺ നിരോധിച്ച ചിത്രം (അതിലൂടെ) ലഭ്യമാവുന്നുണ്ട്. കാരണം ഇത് രണ്ടും വേർ തിരിക്കുന്നവർ പോലും ഇതിനെ (അറബിയിൽ) സ്വൂറ (ചിത്രം) എന്നാണ് വിളിക്കുന്നത്. ❞

- سلسلة الهدى والنور 272

**➥ ഉപകരണം കൊണ്ടുള്ളത് ഹലാലും, കൈ കൊണ്ട് വരച്ചത് ഹറാമും എന്ന തല തിരിഞ്ഞ ന്യായീകരണം പറഞ്ഞ ഒരു യുവാവിനോടുള്ള സംഭാഷണത്തെ കുറിച്ച് സൂചിപ്പിച്ച് അൽ അല്ലാമ അൽ മുഹദ്ദിഥ് അൽ-അൽബാനി പറഞ്ഞു :**

❝ ഞാൻ അവനോട് ഒരു കഥ പറഞ്ഞു :

ഒരു ശെയ്ഖ് തന്റെ വിദ്ധ്യാർത്ഥിയെ അവന്റെ വീട്ടിൽ സന്ദർശ്ശിച്ചു.
വീട്ടിൽ കയറി ഇരുന്ന ഉടനെ നേരെ നോക്കിയാൽ കാണുന്ന ഭാഗത്ത് ശെയ്ഖ് തന്റെ ചിത്രം തൂക്കിയിട്ടിരിക്കുന്നതായി കണ്ടു. അതോടെ ഈ വിദ്ധ്യാർത്ഥിയുടെ ദീനിനെയും, ഇൽമിനോടുള്ള താത്പര്യത്തെയും പുകഴ്ത്തിക്കൊണ്ട് തന്നെ ശെയ്ഖ്

ഈ വിദ്ധ്യാർത്ഥി ചെയ്ത പ്രവർത്തിയെ എതിർത്തു. വിദ്ധ്യാർത്ഥി ഉടനെ അത് എടുത്ത് ഒഴിവാക്കുകയും ചെയ്തു. കാലങ്ങൾ കടന്ന് പോയി.
ഈ വിദ്ധ്യാർത്ഥിയെ പിന്നീടൊരിക്കൽ വീണ്ടും ശെയ്ഖ് സന്ദർശ്ശിക്കാനായി വന്നു. അപ്പോൾ തന്റെ ഫോട്ടോ പണ്ടുണ്ടായിരുന്ന അതേ സ്ഥലത്ത് വീണ്ടും കണ്ടപ്പോൾ ശെയ്ഖ് ഞെട്ടിപ്പോയി. മുമ്പത്തെ പ്രാവശ്യം എതിർത്തത് പോലെ തന്നെ ഇപ്രാവശ്യവും ശെയ്ഖ് അവനെ ശാസിച്ചു. അപ്പോൾ ഉടനെ വിദ്ധ്യാർത്ഥി പറഞ്ഞു : " ശെയ്ഖേ... നിങ്ങളുടെ അടുക്കൽ നിന്ന് ഞങ്ങൾ പഠിച്ചത് ഹറാമായ ചിത്രമെന്നത് കൈ കൊണ്ട് വരച്ചതാണെന്നും, ഫോട്ടോഗ്രാഫിക് ഉപകരണം കൊണ്ടെടുത്തത് അനുവദനീയമാണെന്നുമാണ്. അന്നുണ്ടായിരുന്നത് കൈ കൊണ്ട് വരച്ചതായിരുന്നു. അത് കൊണ്ടാണ് താങ്കൾ പറഞ്ഞത് പോലെ ഞാൻ അത് മാറ്റിയത്, എന്നാൽ ഇത് ഫോട്ടോഗ്രഫി പിക്ച്ചർ ആണ്. " !!

അപ്പോൾ ഈ ശെയ്ഖ് വിദ്ധ്യാർത്ഥിയുടെ തോളിൽ തട്ടിയിട്ട് പറഞ്ഞു : നീ ഇപ്പോൾ ഒരു ഫഖീഹ് ആയി മാറിയിട്ടുണ്ട്. بارك الله فيك !! ❞

ഇത് പറഞ്ഞതിന് ശേഷം ശെയ്ഖ് അൽ-അൽബാനി ഈ ശെയ്ഖിന്റെ അവസ്ഥയെ കുറിച്ച് ചിരിച്ച് കൊണ്ട് ചോദിച്ചു : ❝ ഇത് വളരെ മോശമായ ഒരു ദ്വാഹിരിയ്യത്ത്[1] അല്ലേ? ❞

- سلسلة الهدى والنور 360، 394 ، و فتاوى جدة 14

————————————————

(1) എന്തൊരു ലക്ഷ്യത്തിനാണോ അല്ലാഹു ഒരു വിധി പുറപ്പെടുവിച്ചത് എന്ന് പരിഗണിക്കാതെ, പ്രത്യക്ഷാർത്ഥത്തിൽ കടിച്ച് തൂങ്ങി ആ ഹുക്മിന് വിരുദ്ധമാകുന്ന വിഭാഗം.
കൂടുതൽ വ്യക്തതക്ക് വേണ്ടി ഇമാം അൽ അൽബാനി തന്നെ ഫോട്ടോഗ്രഫിയുടെ വിഷയം വിശദീകരിക്കുമ്പോൾ പല സ്ഥലങ്ങളിലും ഇത്തരക്കാരെ കുറിച്ച് പറയുന്ന ഒരു ഉദാഹരണമാണ്:

കെട്ടി നിൽക്കുന്ന വെള്ളത്തിൽ മൂത്രമൊഴിക്കുന്നത് നബി നിരോധിച്ച് കൊണ്ട് റിപ്പോർട്ടുകൾ വന്നിട്ടുണ്ട്. എന്നാൽ ഈ വിഭാഗം അത് പ്രത്യക്ഷാർത്ഥത്തിലെടുത്ത് പറയുന്നത് " ഒരു പാത്രത്തിൽ മൂത്രമൊഴിച്ച് കെട്ടി നിൽക്കുന്ന വെള്ളത്തിലേക്ക് ഒഴിച്ചാൽ ഈ ഹുക്മല്ല എന്നാണ് ".  ആധുനിക കാല ദാഹിരിയ്യാക്കൾ എന്നാണ് ഫോട്ടോഗ്രഫി ഉപകരണങ്ങൾ കൊണ്ടെടുക്കുന്നതിനെ ഹലാൽ ആക്കാൻ ശ്രമിക്കുന്നവരെ അൽ ഇമാം അൽബാനി വിശേഷിപ്പിക്കുന്നത്.

## 13

# ഫോട്ടോഗ്രഫി യുടെ കാര്യത്തിൽ പരസ്പരം ഇൻകാർ ചെയ്യാൻ പാടുണ്ടോ?, ഉലമാക്കളിൽ നിന്ന് ചില ഉദാഹരണങ്ങളിലൂടെ...

**➥ഫോട്ടോഗ്രഫി തസ്വീറിൽ പെടുകയില്ല എന്ന് പറഞ്ഞവരുടെ ഫത്വകളൊക്കെ തെളിവുകളില്ലാത്തതും തെറ്റുമാണെന്നും അതിനെ പറ്റി വന്ന താക്കീതുകൾ വളരെ കഠിനമാണെന്നും പറഞ്ഞതിന് ശേഷം അൽ അല്ലാമ ഹമൂദ് അത്തുവൈജിരീ -رَحِمهُ الله- പറഞ്ഞു :**

❝ ഈ ഫത്വ തള്ളിക്കളയലും, അതിനെ വലിച്ചെറിയലും, അങ്ങനെ ഫത്വ കൊടുത്തയാളെയും, അത് വെച്ച് പ്രവർത്തിച്ച ജനങ്ങളിൽ പെട്ടയാളുകളെയും ഇൻകാർ ചെയ്യലും നിർബന്ധമാണ്. കാരണം റസൂൽ ﷺ യുടെ വാക്കുകളുടെ കൂടെ നിൽക്കുന്ന ഒരു വാക്കും ഒരാൾക്കുമില്ല. അല്ലാഹു ﷻ പറഞ്ഞു : അല്ലാഹുവും റസൂലും ഒരു കാര്യത്തിൽ തീരുമാനമെടുത്ത് കഴിഞ്ഞാൽ പിന്നെ ഒരു സത്യ വിശ്വാസിക്കോ സത്യവിശ്വാസിനിക്കോ തങ്ങളുടെ കാര്യത്തിൽ തങ്ങൾക്കിഷ്ടപ്പെട്ടത് തെരഞ്ഞെടുക്കാൻ പാടില്ലാത്തതാണ്. അല്ലാഹുവിനോടും അവന്റെ റസൂലിനോടും അനുസരണക്കേട് കാണിക്കുന്നതാരാണോ അവർ വ്യക്തമായ വഴികേടിലായിരിക്കുന്നു ❞

- تحريم التصوير والرد على من أباحه ؛ ص 65

**➥വീഡിയോ ഉള്ള മജ്‌ലിസിൽ പങ്കെടുക്കുന്നതിനെ കുറിച്ചുള്ള ചോദ്യത്തിന് മറുപടി പറയവേ അൽ ഇമാം മുഖ്‌ബിൽ ബ്നു ഹാദി അൽ വാദിഈ -رَحِمهُ الله പറഞ്ഞു :**

❝ ഒരു മുസ്ലിമിന് സാധിക്കുമെങ്കിൽ ഇതിനെ ഇൻകാർ നടത്തലാണ് അവന് വാജിബായിട്ടുള്ളത്, അതല്ല എങ്കിൽ ഈ മജ്‌ലിസിൽ നിന്ന് മാറി നിൽക്കട്ടെ

( നിങ്ങളിലാരെങ്കിലും ഒരു മുൻകർ കണ്ടാൽ അത് കൈ കൊണ്ട് തടയട്ടെ, അതിന് സാധിച്ചില്ലെങ്കിൽ നാവ് കൊണ്ട്, അതിനും സാധിച്ചില്ലെങ്കിൽ ഹൃദയം കൊണ്ട് അതാണ് ഏറ്റവും ദുർബ്ബലമായ ഈമാൻ ) ❞

അതിന് ശേഷം ഇത്തരത്തിൽ കൈ കൊണ്ട് തന്നെ ഇൻകാർ നടത്തിയ യുവാക്കളെ പ്രശംസിച്ച് കൊണ്ട് അദ്ധേഹം പറഞ്ഞു :

❝ റിയാദിലെ യുവാക്കൾക്ക് അല്ലാഹു ഖൈർ പ്രതിഫലമായി നൽകട്ടെ. അവർ ഒരു മുഹാദറയിലായിരിക്കെ വീഡിയോ (ക്യാമറ) കൊണ്ട് വന്നു. അവർ അത് തകർക്കാനായി ഒരുങ്ങി. فجزاهم الله خيرا

ഒന്നുകിൽ നീ എണീറ്റ് ആ വീഡിയോ (ക്യാമറ) തകർക്കുക, അതല്ലെങ്കിൽ നീ നാവ് കൊണ്ട് അതിനെ ഇൻകാർ നടത്തുക, ഇതും അതും കഴിഞ്ഞില്ലെങ്കിൽ പാപത്തിന്റെ അംശമടങ്ങിയ ഈ മുഹാദറയിൽ നിന്ന് വിട്ട് നിൽക്കാനാണ് ഞാൻ നിന്നെ ഉപദേശിക്കുന്നത് ❞

- قمع المعاند وزجر الحاقد الحاسد ؛ ص 373

## 14

# പ്രധാനപ്പെട്ട ഒരു ഫത്വ

**➥ഫോട്ടോയെ കുറിച്ചുള്ള ചോദ്യത്തിന് മറുപടി നൽകവേ അൽ-അല്ലാമ മുഹമ്മദ് അമാൻ അൽ ജാമീ رحمه الله പറഞ്ഞു :**

❝ ഫോട്ടോ എന്നത് ഈ കാലഘട്ടത്തിൽ നാം പരീക്ഷിക്കപ്പെട്ടിട്ടുള്ള ഒരു പരീക്ഷണവും, ഫിത്നയുമാണ്

നബി ﷺ നമ്മെ അറിയിച്ചിട്ടുണ്ട്, എല്ലാ വീടുകളിലും കയറുന്ന (നിലക്കുള്ള) ഫിത്ന സംഭവിക്കും എന്ന്.

നമ്മുടെ വീട്ടിലും, എന്തിനേറെ ഉലമാക്കളുടെ വീട്ടിൽ വരെ പത്ര മാധ്യമങ്ങളിലൂടെയും, അങ്ങാടിയിൽ നിന്ന് വാങ്ങുന്ന സാധനങ്ങളിലൂടെയും ഫോട്ടോ വ്യാപിക്കാനുണ്ടായ കാരണം, ഒരു വിഭാഗം കൽപ്പിച്ച് കൂട്ടി ഇതിനായി മെനക്കെടുന്നുണ്ട് എന്നത് കൊണ്ടാണ്. (അത് കൊണ്ട് തന്നെ) ഇതിന്റെ തുടക്ക കാലഘട്ടത്തിൽ തുല്ലാബുൽ ഇൽമ് ഫോട്ടോക്കെതിരെ ശക്തമായ നിലപാടെടുത്തപ്പോൾ ഫോട്ടോ അധികരിക്കലും, അതിന്റെ പ്രചരണവും വർദ്ധിക്കുകയാണുണ്ടായത്. അതിനെ എതിരാവുക എന്ന രീതിയിലാണ് കാര്യമുള്ളത്.

എന്നിരുന്നാലും ഇതൊരു ഫിത്നയാണ്. ആർക്കാണോ

തന്റെ വീട്ടിൽ പൂർണ്ണമായ ഫോട്ടോ പരമാവധി കുറക്കാൻ കഴിക്കുന്നത് അവരത് ചെയ്യുക. ഫോട്ടോ സ്വയം തന്നെ ഹറാമാക്കപ്പെട്ടതാണ്. പിൽക്കാലത്ത് വന്നിട്ടുള്ള ശരീരമുള്ളതും അല്ലാത്തതുമായ ഫോട്ടോകളെ തരം തിരിക്കുകയും, അതിലൂടെ ആധുനിക ഉപകരണങ്ങൾ കൊണ്ടെടുക്കുന്ന ഫോട്ടോ അനുവദനീയമാക്കുന്ന രീതി ഇൽമിന്റെ പഠിതാക്കൾ വരെ അകപ്പെടുകയും, അവർ അനുവദനീയമായി ഫത്വ കൊടുക്കുകയും ചെയ്ത ഒരു ഫിത്നയാണ്. അടിസ്ഥാന നിയമം അത് തമ്മിൽ വേർ തിരിക്കേണ്ടതില്ല എന്നതാണ്. ഉപകരണം ഏതായാലും ചിത്രമെന്നത് സ്വൂറ തന്നെയാണ്.
കൊത്തിയുണ്ടാക്കിയാലും, ആശാരി ഉണ്ടാക്കിയാലും, തുന്നിയുണ്ടാക്കിയാലും , എഴുതിയുണ്ടാക്കിയാലും, ഉപകരണം കൊണ്ടെടുത്താലും, സൂറ എന്നത് സൂറ തന്നെയാണ്. ഇത് സ്വൂറ അല്ല എന്നുള്ള അഭിപ്രായം തെറ്റാണ്. ഇത് സ്വൂറ തന്നെയാണ്.
പക്ഷേ ,(നീ അതുപയോഗിക്കുന്നവനാണെങ്കിൽ) നിനക്ക് വൈറായിട്ടുള്ളത് " ഇത് സ്വൂറ തന്നെയാണ് പക്ഷേ ഇത് ഉപയോഗിക്കുന്നതിലും, വീട്ടിൽ കയറ്റുന്നതിലും ഞാൻ കീഴ്പ്പടുത്തപ്പെട്ടവനാണ്" എന്ന് പറയലാണ്. ഹറാമായ ഒരു സംഗതി അനുവദനീയമാക്കുന്നവനും, എന്നാൽ സ്വന്തം മനസ്സിൽ അത് ഹറമാണെന്ന തിരിച്ചറിവോടെ കുറ്റബോധത്തോടെ അത് ഉപയോഗിക്കുന്നവനും, തമ്മിൽ വ്യത്യാസമുണ്ട്. ഈ രണ്ടാളുകൾക്കിടയിൽ വ്യത്യാസമുണ്ട്.
എളുപ്പമുള്ളതും, ഒഴിവ് കഴിവ് നൽകുന്നതുമായ ഫത് വകൾ പിന്തുടർന്ന് സ്വന്തം ഹവയോട് യോജിച്ചു എന്നതിന്റെ പേരിൽ ഹറാമിനെ

അനുവദനീയമാക്കുന്നവൻ, അല്ലാഹു ഹറമാക്കിയത് ഹലാൽ ആക്കുക എന്ന വലിയ അപകടത്തിലാണ് ചെന്ന് ചാടിയിട്ടുള്ളത്.

എന്നാൽ , ഞാൻ പറഞ്ഞത് പോലെ ഫോട്ടോകളുടെ വ്യാപനത്തോടെ നാം അതിൽ പരീക്ഷിക്കപ്പെട്ടാൽ അതിനെ ഒഴിവാക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ലെങ്കിൽ, നാം ഒരു പാപം ചെയ്തു പോയി എന്ന് നാം തിരിച്ചറിയൽ നമുക്ക് നിർബന്ധമാണ്.

ഞാൻ ഒരുദാഹരണം പറയാം..
ഒരു വ്യക്തി കള്ള് കുടിക്കുന്നവനാണ്. അവൻ വിശ്വസിക്കുന്നത് അത് ഹറാമാണെന്നും, അവൻ വൻപാപമാണ് ചെയ്തതെന്നുമാണ്. മറ്റൊരുത്തൻ പറയുന്നത് : "അല്ല, പല തരം ഭക്ഷണങ്ങളിൽ നിന്നുണ്ടാക്കുന്ന മുന്തിരി ജ്യൂസ് പോലെ ഒന്ന് മാത്രമാണ് ഇത്,ഇത് ഹറാമല്ല, ഹലാലാണ്. അത് മാത്രമല്ല നമ്മുടെ നാട്ടിൽ പെട്രോൾ ഇല്ലാത്തത് കൊണ്ട് സാമ്പത്തിക നിലവാരം സംരക്ഷിക്കാനായി കള്ളിന്റെ ഫാക്ടറികൾ നമുക്ക് ആവശ്യമുണ്ട്. അത് ഹലാലാണ്." ഈ വിഭാഗം ആളുകൾ കാഫിറുകളാണ്. ആരാണോ ഒരു ഹറാമിനെ അനുവദനീയമാക്കുന്നത് അവൻ കാഫിറാണ്. അവൻ കുടിച്ചില്ലെങ്കിൽ പോലും, അനുവദനീയമാക്കലിലൂടെ മാത്രം അവൻ കാഫിറാകും. അവനും അത് ഹറാമാണെന്ന് വിശ്വസിച്ച് കുടിക്കുന്നവനും തമ്മിൽ വ്യത്യാസമുണ്ട്.

ഈ വിഭാഗത്തിൽ തന്നെയാണ് ഫോട്ടോയുടെ കാര്യവും. എല്ലാ വിഭാഗത്തിലും പെട്ട തസ്വീറും ഹറാമാണെന്ന് നാം

തിരിച്ചറിയണം. നിന്റെ ചുറ്റുപാട് നിന്നെ സ്വാധീനിച്ചത് കാരണത്താൽ നീ അതുപയോഗിക്കുന്നുണ്ടെങ്കിൽ അത് ഹറാമാണെന്ന് തിരിച്ചറിയുന്നതാണ്; 'അത് ഹലാലാണ്. ഫുലാൻ അങ്ങനെ ഫത്വ കൊടുത്തിട്ടുണ്ട് ' എന്ന് പറയുന്നതിനേക്കാൾ നിനക്ക് നല്ലത്.

ഒരു ഭരണാധികാരിയുടെ വിധി അല്ലാഹുവിന്റെയടുക്കൽ മോശമായ ഒരു സംഗതിയെ ഹലാലാക്കുകയോ, നല്ലതാക്കുകയോ ഇല്ല. ഒരു മുഫ്തി (അനുവദനീയമാക്കി) ഫത്വ കൊടുത്താലും, ഖാദി (അനുവദനീയമാക്കി) വിധിച്ചാലും ഹറാം ഹറാം തന്നെയാണ്. ❞

- المقطع الصوتي للشيخ

## 15

# ഉലമാക്കളുടെ വാക്കുകൾ ദീനിൽ പ്രമാണമല്ല.

**➥ അൽ അല്ലാമ സ്വാലിഹ് അൽ ഫൗസാൻ -حفظه الله- പറഞ്ഞു :**

❝ ഇൽമ് (അറിവ്) എന്ന് പറഞ്ഞാൽ അത് ഖുർആനിന്റെയും സുന്നത്തിന്റെയും ഇൽമാണ്. എന്നാൽ ഉലമാക്കളുടെ വാക്കുകളാകട്ടെ അല്ലാഹുവിന്റെയും,

റസൂലിന്റെയും കലാമുകൾ വിശദീകരിക്കുകയും വ്യക്തമാക്കുകയും മാത്രമാണ് ചെയ്യുന്നത്. അതിലോ അല്ലെങ്കിൽ അതിൽ ചിലതിലോ തെറ്റുകൾ വന്നേക്കാം. ഉലമാക്കളുടെ വാക്കുകൾ ദലീൽ അല്ല. തെളിവെന്നത് ഖുർആനിക ആയത്തുകളും, നബവിയായ ഹദീഥുകളുമാണ്. എന്നാൽ ഉലമാക്കളുടെ വാക്കുകളാകട്ടെ, അതിനെ വിശദീകരിക്കുകയും, വ്യക്തമാക്കുകയുമാണ് ചെയ്യുന്നത്. അത് സ്വയം ദലീൽ അല്ല ❞

- شرح ثلاثة الأصول ؛ ص37

**➥ അൽ അല്ലാമ സെയ്ദ് അൽ മദ്ഖലി -رَحِمـهُ الله- പറഞ്ഞു :**

❝ കിതാബിൽ നിന്നോ സുന്നത്തിൽ നിന്നോ ഉള്ള തെളിവുകൾക്കെതിരെ വ്യക്തികളുടെ വാക്കുകൾ കൊണ്ട് എതിരാവാൻ ഒരാൾക്കും അനുവദനീയമല്ല തന്നെ, എന്നാൽ (അവകളിൽ നിന്നുള്ള) തെളിവുകൾ വന്നാൽ അത് വെച്ച് പ്രവർത്തിക്കൽ അവന് വാജിബാണ്. അതിന് വിരുദ്ധമാകുന്ന നിലക്ക് വന്ന വ്യക്തികളുടെ വാക്കുകളിലേക്ക് തിരിഞ്ഞ് നോക്കാവതല്ല. പണ്ഡിതന്മാരിലും മുഹദ്ദിഥുകളിലും പെട്ട ഇമാമുമാർ തെളിവുകൾക്കെതിരായാൽ, അവർ ഉദ്ധേശിക്കാത്ത നിലക്ക് സംഭവിച്ചതാണ് എന്ന മട്ടിൽ അവർക്ക് ഉദ്ർ കൊടുക്കുകയും വേണം. ❞

- نثر الورود على حائية ابن أبي داود ؛ ص71


## 16

# ഒരു പ്രവചനം.

**➡ഹിജ്രി വർഷം 1410 [1990] ദുൽഹിജ്ജയിൽ അൽ അല്ലാമ അൽ മുഹദ്ദിഥ് അൽ അൽബാനി പറഞ്ഞു :**

❝ ഞാൻ ഭയപ്പെടുന്നതെന്തെന്നാൽ പൊതു മുസ് ലിംകൾക്കിടയിൽ എന്ന് മാത്രമല്ല സലഫികൾക്കിടയിൽ വരെ തസ്വീർ അനുവദനീയമായ ഒരു കാര്യമായി മാറുമെന്നതാണ്. പ്രത്യേകിച്ചും; ഒന്നും ചെയ്യാതെ തന്നെ കേവലമൊരു ബട്ടൺ ക്ലിക്ക് ചെയ്തപ്പോൾ ഫോട്ടോ വന്നതാണ് എന്ന് പറയുന്ന കൈ കൊണ്ടുള്ള തസ്വീറും , ഫോട്ടോഗ്രഫിയുടെ തസ്വീറും തമ്മിൽ വേർ തിരിക്കുന്ന ആ കൂട്ടരുടെയടുക്കൽ ❞

- سلسلة الهدى والنور 393



# ആത്മാവുള്ളതിന്റെ ചിത്രം നിർമിക്കുന്നതിന്റെ വിധി

ജീവൻ ഉള്ളവയുടെ ചിത്രം നിർമിക്കുന്നതിനെ നിരോധിച്ചു കൊണ്ടും, അത് നിർമിക്കുന്നവർക്കുള്ള ശിക്ഷയെ കുറിച്ചും ബന്ധപ്പെട്ടു വന്ന സ്വഹീഹായ ഹദീസുകളും പണ്ഡിതന്മാരുടെ ഫത്വകളും ..

മർക്കസു ഉലൂമിസ്സുന്ന


#70 Bisra, Bismillah road, Melakkam,
Manjeri - 676123, Malappuram.

9037 278 260

t.me/uloomussunnah
t.me/darulhadeeskollam

www.uloomussunnah.com